കേരളകൗമുദി
# വാരാന്ത്യകൗമുദി
2019 ഏപ്രിൽ 07 ഞായർ


തീർത്ഥാ നിർമ്മൽ

**സ്വയം അനുഭവിച്ചതുകൊണ്ടു കൂടിയാണ് സംസാരിക്കാൻ കഴിയാത്തവരുടെ പ്രശ്നങ്ങൾ എത്ര വലുതാണെന്ന് തീർത്ഥാ നിർമ്മലിന് മനസിലായത്. ഇനി ഒരാൾക്കും അത്തരം വേദനകളിലൂടെ നടക്കേണ്ടി വരരുതെന്ന തീർത്ഥയുടെ തീരുമാനത്തിനൊപ്പം അതേ മനസുള്ളവരെ കൂടെ കണ്ടുമുട്ടിയതോടെ പുതിയൊരു സംരംഭത്തിന് തുടക്കമായി. തീർത്ഥ എന്ന മിടുമിടുക്കിയുടെ പ്രചോദിപ്പിക്കുന്ന ജീവിതം**

# നക്ഷത്രമായ് മൂന്നക്ഷരം

വിഷ്ണു സത്യബാബു

തീർത്ഥാ നിർമ്മൽ, മലയാളികളെ ഏറെ അത്ഭുതപ്പെടുത്തിയ പേര്. ബധിരതയെ തോൽപ്പിക്കുകയും അതേ പ്രശ്നമുള്ള ഒരുപാട് പേർക്ക് പ്രചോദനമാവുകയും ചെയ്ത ഒരു മിടുക്കി. ജന്മനാ ഉണ്ടായ കുറവ് വേദനയല്ലെന്ന് തിരിച്ചറിയുകയും അതിനെ പ്രണയിച്ച്, ജീവിതത്തോട് പൊരുതി ഇന്നവൾ മിടുമിടുക്കിയായി. ഒരാൾക്ക് ഒരായിരം സ്വപ്നങ്ങൾക്ക് സംഗീതവും പ്രകാശവുമാകാൻ കഴിയുക എന്നത് ചെറിയ കാര്യമല്ല. പക്ഷേ, തീർത്ഥയ്ക്ക് അതിന് കഴിഞ്ഞു. ശബ്ദം അന്യമായവരുടെ ശബ്ദവും താളവുമാകാനുള്ള പരിശ്രമത്തിലാണ് തീർത്ഥയും സൈൻ നെക്സ്റ്റ് എന്ന സ്റ്റാർട്ടപ്പ് കമ്പനിയും. 'ഇന്ത്യയിലെ ആദ്യത്തെ ബധിരയായ വനിത സംരംഭക' എന്നാണ് തീർത്ഥയുടെ മേൽവിലാസം. തീർത്ഥയ്ക്കൊപ്പം പറയേണ്ട പേരുകളാണ് കിംഗ്സ്‌ലി ഡേവിഡിന്റേതും പ്രവീജിന്റേതും. കേൾവി, സംസാര വൈകല്യം നേരിടുന്നവരെ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കാൻ വേണ്ടി പരിശ്രമിക്കുന്ന മറ്റു രണ്ടുപേർ. എന്തുകൊണ്ട് സൈൻ നെക്സ്റ്റ് എന്ന സ്റ്റാർട്ടപ്പ് കമ്പനി എന്നു ചോദിച്ചാൽ അതിന് തീർത്ഥയുടെ ഉത്തരം ഇതാണ്.

''കേൾവിയിലോ സംസാരത്തിലോ വൈകല്യമുള്ളവർ ഇന്നും സമൂഹത്തിന്റെ മുൻനിരയിലേക്ക് വരുന്നില്ല. അവരെ മുഖ്യധാരയിലേക്ക് എത്തിക്കുക എന്നത് തികച്ചും ശ്രമകരമായ ഒരു കാര്യമാണ്. നിത്യജീവിതത്തിൽ പോലും അവരുടെ മനസിലുള്ള ആശയങ്ങൾ മറ്റുള്ളവരിലേക്ക് വിജയകരമായി കൈമാറാൻ അവർക്ക് കഴിയുമായിരുന്നില്ല. അതിനൊക്കെയുള്ള ഒരു പരിഹാരമെന്ന നിലയ്ക്കാണ് സൈൻ നെക്സ്റ്റിനെ അവതരിപ്പിച്ചത്''. തീർത്ഥ തന്റെ സ്വപ്നം പങ്കുവച്ചു തുടങ്ങി.

''കുട്ടിക്കാലം മുതലേ ബധിരത വല്ലാതെ ബുദ്ധിമുട്ടിച്ചിരുന്നു. ഏറ്റവും വിഷമിച്ചത് സ്കൂൾ കാലഘട്ടത്തിലാണ്. അവിടെയുള്ള അദ്ധ്യാപകർക്ക് പലപ്പോഴും ഫലപ്രദമായ രീതിയിൽ ബധിരരോട് ആശയവിനിമയം നടത്താൻ സാധിച്ചിരുന്നില്ല. തിരിച്ച് അങ്ങോട്ടും അതേ പ്രശ്നം തന്നെയായിരുന്നു. അന്നും എനിക്കറിയില്ല എന്റെ ഭാഷ സൈൻ ലാംഗ്വേജ് ആണെന്ന്. ആ തിരിച്ചറിവുണ്ടാകുന്നത് ബിരുദ പഠനത്തിനായി നിഷിലെത്തിയപ്പോഴാണ്. അതുവരെ ഞാൻ വിചാരിച്ചത് ഇത് എന്റെ മാത്രം പ്രശ്നമാണ് എന്നാണ്. നിഷിൽ പഠിക്കാനെത്തിയപ്പോൾ മനസിലായി എന്റെ മാത്രമല്ല എന്നെ പോലെ ഒരുപാട് പേർക്ക് ഇതേ പ്രശ്നമുണ്ടെന്ന്. ആ സമയത്ത് ഉപരിപഠനത്തേയും ജോലിയേയും ഭാവിയേയുമൊക്കെ കുറിച്ച് ചിന്തിക്കുമ്പോൾ പേടിയുണ്ടായിരുന്നു. അന്നും ഒരു നല്ല ജോലി വേണം, ബിസിനസ് ചെയ്യണം എന്നെല്ലാമാണ് മനസിൽ. എങ്ങനെ എന്ന ചോദ്യത്തിന് ഉത്തരമുണ്ടായിരുന്നില്ല. അപ്പോഴാണ് ദൈവാനുഗ്രഹം പോലെ കിംഗ്സ്‌ലി വിളിക്കുന്നത്. അങ്ങനെ സൈൻ നെക്സ്റ്റിന്റെ ഭാഗമായി. ഇന്ന് ബധിരതയുള്ള ഒരാൾ ആശയവിനിമയത്തിന് വിഷമിക്കുമ്പോൾ എന്താണ് പ്രശ്നമെന്ന് എനിക്ക് മനസിലാകും. ആ അവസ്ഥയിൽ നിന്ന് അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്നതാണ് എന്റേയും സൈൻ നെക്സ്റ്റിന്റെയും ലക്ഷ്യം.''

## സ്വപ്നമായ ആശയവിനിമയം

ബധിരരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുക എന്നതാണ് ആത്യന്തികമായ ലക്ഷ്യം. അത് സാധ്യമാകുന്നത് വിദ്യാഭ്യാസം, നൈപുണ്യ വികസനം, ബോധവത്ക്കരണം എന്നിവയിലൂടെയാണ്. 'സമൂഹത്തിലെ മറ്റ് എല്ലാവരേയും പോലെ അവരവരുടെ കഴിവുകൾ വികസിപ്പിക്കാനും ആഗ്രഹിച്ച ലക്ഷ്യങ്ങളിൽ എത്തിച്ചേരാൻ ബധിരർക്കും കഴിയണം.' സൈൻ നെക്സ്റ്റിന്റെ സഹസ്ഥാപകനായ കിംഗ്സ്‌ലി പറയുന്നു. കിംഗ്സ്‌ലി പഠിച്ചതും വളർന്നതുമൊക്കെ ബധിരയായ ഒരു വല്യമ്മയുടെ ഒപ്പമായിരുന്നു. അതുകൊണ്ട് അദ്ദേഹത്തിനും അവരുടെ ബുദ്ധിമുട്ടുകൾ മനസിലാവുമായിരുന്നു. പിന്നീട് അദ്ദേഹം ജോലി ചെയ്തിരുന്ന അന്താരാഷ്ട്ര കമ്പനിയിലും ബധിരരായ സഹപ്രവർത്തകരുണ്ടായിരുന്നു. 3000 പേർ ജോലി ചെയ്തിരുന്ന കമ്പനിയിൽ ബധിരത എന്ന കാരണത്താൽ മാറ്റി നിറുത്തപ്പെട്ടു. മറ്റുള്ളവരിൽ നിന്നും അകലെ ജീവിച്ചിരുന്ന അവരെക്കൂടി പൊതുസമൂഹത്തിനൊപ്പമെത്തിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി 'ടോക്കിംഗ് ഹാന്റ്സ്' എന്ന പേരിൽ ഒരു പരിപാടി നടത്തി. അതിൽ കമ്പനിയിലുള്ള മറ്റ് ജോലിക്കാർക്കു കൂടി സൈൻ ലാംഗ്വേജിന്റെ പ്രാഥമിക പാഠങ്ങൾ പകർന്നു കൊടുത്തു. അതിലൂടെ കൈകൾ ഉപയോഗിച്ച് ബധിരരോട് ആശയവിനിമയം നടത്താനായി. ആഗോളതലത്തിൽ ടോക്കിംഗ് ഹാന്റ്സിന് വലിയ സ്വീകരണമാണ് കിട്ടിയത്. അങ്ങനെയാണ് ബധിരർക്ക് വിജയകരമായി ആശയവിനിമയം നടത്താനുള്ള മാർഗത്തെക്കുറിച്ച് ചിന്തിക്കുന്നത്. അങ്ങനെയാണ് സൈൻ നെക്സ്റ്റ് എന്ന ആശയമുണ്ടായത്. സൈൻ നെക്സ്റ്റ് എന്ന ആശയവുമായി 2014ൽ അദ്ദേഹം അധികൃതരെ സമീപിച്ചിരുന്നു. ബധിരരോട് സംവദിക്കാൻ കഴിയുന്ന ഒരു മൊബൈൽ ആപ്ലിക്കേഷൻ ആയിരുന്നു ലക്ഷ്യം. അവർക്കാവശ്യമായ വിവരങ്ങൾ സൈൻ ലാംഗ്വേജിലുള്ള വീഡിയോ ആക്കി അപ്‌ലോഡ് ചെയ്യാനായിരുന്നു പദ്ധതി. എന്നാൽ ആ സമയത്ത് മൊബൈൽ നെറ്റ്‌വർക്കുകൾ 2G ആയിരുന്നു. കുറഞ്ഞ ഇന്റർനെറ്റ് വേഗതയിൽ വീഡിയോ പങ്കിടുക എന്നത് അസാദ്ധ്യമായതിനാൽ പദ്ധതി നടപ്പിലായില്ല. രണ്ടുവർഷത്തിനുശേഷം ആ അവസ്ഥ മാറി. കിംഗ്സ്‌ലിയുടെ വാക്കുകൾ അനുസരിച്ച് 4G വിപ്ലവകരമായ മാറ്റമുണ്ടാക്കിയത് ബധിരരുടെ ആശയവിനിമയ രംഗത്താണ്. സംസാരിക്കാനും കേൾക്കാനും കഴിയാത്തവർക്ക് ആശയവിനിമയം നടത്താനുള്ള ഏറ്റവും മികച്ച ഒരു പ്ലാറ്റ്ഫോമായി അത് മാറുകയായിരുന്നു. ആ സമയത്താണ് കിംഗ്സ്‌ലിയുടെ സഹപ്രവർത്തകനായി തീർത്ഥയുടെ ഭർത്താവ് സനു എത്തുന്നത്. ശബ്ദങ്ങൾ അകലെയാണ് സനുവിനും. അക്കാലത്ത് തീർത്ഥ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (നിഷ്) ൽ ലാബ് അസിസ്റ്റന്റായിരുന്നു. പിന്നീട് തീർത്ഥയും ഈ സംരംഭത്തിന്റെ ഭാഗമായി. പ്രവീജ് കുമാർ എന്ന സുഹൃത്തും കൂടെ ചേർന്നതോടെ സൈൻനെക്സ്റ്റ് എന്ന സ്വപ്നം സഫലമായി. സൈൻ സ്കൂൾ എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷനാണ് ആദ്യമായി രൂപപ്പെടുത്തിയത്. ഓരോ സാഹചര്യങ്ങൾ അനുസരിച്ചുള്ള വീഡിയോകളാണ് ഇതിന്റെ പ്രധാനഘടകങ്ങൾ. തിരുവനന്തപുരത്തെ ടെക്നോപാർക്കിലാണ് കമ്പനി പ്രവർത്തിക്കുന്നത്.

## പറന്നുയരാൻ സൈൻ സ്കൂൾ


കേൾവി സംസാരവൈകല്യമുള്ള ഒരാൾ കടന്നു പോകുന്ന സാഹചര്യങ്ങൾ മനസിലാക്കിയാൽ മാത്രമേ സൈൻ സ്കൂളിന്റെ ആവശ്യകതയെ കുറിച്ച് മനസിലാക്കാനാവൂ. അതിനുള്ള ഏറ്റവും വലിയ ഉദാഹരണം എടുത്താൽ ബധിരയായ ഒരു ഗർഭിണി ഡോക്ടറെ കാണാൻ പോകുന്ന സാഹചര്യം ആലോചിച്ചു നോക്കൂ. അവർക്ക് ഒരുപാട് ബുദ്ധിമുട്ടുകളുണ്ടാവും. അവർക്കെങ്ങനെ അത് ഡോക്ടറോട് പറയാനാവും. അത് ഡോക്ടർ മനസിലാക്കുന്നതിനും പരിമിതികളുണ്ട്. ഗർഭകാലത്ത് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ആർത്തവശുചിത്വം, ചെറിയ കുട്ടികളുടെ പരിചരണം, മുലയൂട്ടൽ ഇവയെല്ലാം ഉൾപ്പെടുന്ന വീഡിയോകളാണ് ചെയ്യുന്നത്. സംസ്ഥാന സാമൂഹിക സേവനവകുപ്പ്, നിഷ്, നാഷണൽ ഹെൽത്ത് മിഷൻ, കേരളാ സ്റ്റാർട്ടപ്പ് മിഷൻ, ടെക്നോപാർക്ക്, യൂനിസെഫ്, ലോകാരോഗ്യ സംഘടന എന്നിവയുടെ സഹകരണത്തോടെയാണ് ഇത് തയ്യാറാക്കുന്നത്. വീഡിയോയ്ക്ക് വേണ്ടുന്ന വിവരങ്ങൾ വികാസ്പീഡിയയിൽ നിന്നും ശേഖരിച്ച് സൈൻ ലാംഗ്വേജിലേക്ക് മാറ്റുകയാണ് ചെയ്യുന്നത്. വിദ്യാർത്ഥികൾക്കും യുവാക്കൾക്കും ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാനുള്ള പരിശീലനവും സൈൻസ്കൂൾ വഴി നടപ്പാക്കുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ പ്രവർത്തകരായ ആശാവർക്കർമാർ വഴി വിദൂരസ്ഥലങ്ങളിലുള്ള ബധിരരിലേക്ക് എത്തിച്ചേരുക എന്നൊരു പദ്ധതി കൂടിയുണ്ട്. ഇന്ത്യയിൽ ഏകദേശം 1.8 കോടി ബധിരരുണ്ട്. അവരിൽ 3.5 ലക്ഷം മലയാളികളാണ്. അവർക്ക് മുന്നോട്ടുപോകാനുള്ള വഴിതെളിയിക്കാൻ തീർത്ഥയും കൂട്ടുകാരും മുന്നിൽ തന്നെയുണ്ടാകും. ബധിരരുടെ ക്ഷേമം എന്ന പേരിൽ നിരവധി പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിലും പലപ്പോഴും അവയൊന്നും ആവശ്യക്കാരിലെത്തുന്നില്ല. അവർക്ക് പുറംലോകത്തോട് സംസാരിക്കണമെന്നിൽ ഒരു പരിഭാഷകൻ വേണം. ഇന്ത്യയിലുള്ള രണ്ട് കോടി ബധിരർക്ക് കേവലം 400ൽ താഴെ പരിഭാഷകർ മാത്രമാണ് ഉള്ളത്. ആ അവസ്ഥയ്ക്ക് പരിഹാരമായി പുതിയൊരു ആപ്ലിക്കേഷന്റെ പണിപ്പുരയിലാണ് ടീം സൈൻ നെക്സ്റ്റ്. ഇന്ത്യയിലെവിടെയുമുള്ള ഒരു ബധിരവ്യക്തിക്ക് സൈൻ നെക്സ്റ്റിന്റെ സപ്പോർട്ട് റൂമിലേക്ക് വീഡിയോ കോൾ ചെയ്യാം. ആശുപത്രിയിലോ ബാങ്കിലോ അങ്ങനെ എവിടെ നിന്നും. അവരുടെ ആവശ്യങ്ങൾ സൈൻ ലാംഗ്വേജിൽ സപ്പോർട്ട് സെന്ററിലുള്ള പരിഭാഷകനോട് പറയാം. അയാൾ അതിനെ വെർബൽ രൂപത്തിൽ തിരിച്ച് പറഞ്ഞു കൊടുക്കും. അതിലൂടെ അവരുടെ ആശയവിനിമയം ലളിതമാക്കാം. ബധിരതയുള്ള ഒരു കുട്ടിയെ സാധാരണ കുട്ടികളെ പോലെ വളർത്തിക്കൊണ്ട് വരണം. അത് ഒരു വലിയ വെല്ലുവിളിയാണ്. അത് നേരിടാൻ അവരെ പ്രാപ്തരാക്കുകയാണ് സൈൻനെക്സ്റ്റ്.

## തീർത്ഥയുടെ വേറിട്ട വഴി

സൈൻ നെക്സ്റ്റിന്റെ സ്ഥാപകർ മൂന്ന് പേരാണ്. പക്ഷേ എന്തുകൊണ്ട് തീർത്ഥയെ കൂടുതൽ ഉയർത്തിക്കാട്ടുന്നു എന്ന ചോദ്യത്തിന് വ്യക്തമായ ഉത്തരമുണ്ട്. ബധിരത എന്ന പേരിൽ സമൂഹത്തിന്റെ ഇരുളടഞ്ഞ മൂലയിലേക്ക് ഒതുങ്ങിപോകുന്നത് പലപ്പോഴും സ്ത്രീകളാണ്. തീർത്ഥ അവർക്ക് ഒരു പ്രചോദനമാകണം. തീർത്ഥയ്ക്ക് ആകുമെങ്കിൽ എനിക്കും കഴിയും എന്ന് ബധിരരായ ഓരോ വ്യക്തിയും ചിന്തിച്ചു തുടങ്ങണം. സാംസ്കാരികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും മുന്നോട്ടുവരാൻ അവർ തയ്യാറാകണം. അവർക്കെല്ലാം തീർത്ഥ ഒരു മാതൃകയാണ്. കോഴിക്കോട് സ്വദേശിയാണ് തീർത്ഥ. ആറാംമാസത്തിൽ വന്ന പനിയെ തുടർന്നാണ് ശബ്ദങ്ങൾ അന്യമായത്. തിരുവനന്തപുരത്തെ നിഷിലെ പഠനത്തിനിടയായിരുന്ന തൃശ്ശൂരുകാരനായ സനുവിനെ പരിചയപ്പെട്ടത്. മൂന്നുവർഷം മുമ്പായിരുന്നു വിവാഹം. സനു ഇപ്പോൾ ടെക്നോപാർക്കിലെ അലിയാൻസ് കമ്പനിയിലാണ് ജോലി ചെയ്യുന്നത്. ഒരു വയസുകാരിയായ ഇവയാണ് മകൾ. സനുവിന്റെയും തീർത്ഥയുടെയും ശബ്ദമാണിപ്പോൾ ഇവ. ശബ്ദമില്ലാതെ പോയവർ ധൈര്യത്തോടെ സ്വപ്നം കാണൂ എന്ന് ജീവിതം കൊണ്ട് തീർത്ഥ വിളിച്ചു പറയുന്നു.


ഭർത്താവ് സനുവിനും മകൾ ഇവയ്ക്കുമൊപ്പം തീർത്ഥ


ടീം സൈൻനെക്സ്റ്റ്



# ഒരു ഗാനത്തിന്റെ ഇതിഹാസം

## ശ്രീനാരായണ തത്വങ്ങളുടെ പ്രകാശം പ്രസരിപ്പിച്ച വയലാറിന്റെ മനോഹരഗാനം പിറവിയെടുത്ത കാലത്തിലേക്ക് ഒരു യാത്ര

**സുമേഷ് കൃഷ്ണൻ എൻ.എസ്**

മലയാളിയുടെ സമസ്ത സൗന്ദര്യ സങ്കല്പങ്ങളെയും തന്റെ ഭാവനയുടെ കനകകാന്തിയാൽ അലങ്കരിച്ച മഹാകവിയാണ് വയലാർ രാമവർമ്മ. പകരം വയ്ക്കാനൊക്കാത്ത അനന്യകരണീയമായ കാവ്യ സൗകുമാര്യത്താലും പ്രതിഭാശേഷിയാലും അനുഗ്രഹീതനാണ് അദ്ദേഹം. ഒരു സ്ഥലനാമം ഒരു വ്യക്തിനാമമായും ഒരു കാവ്യസംസ്കൃതിയുടെ പൊതുനാമമായും പരിണമിക്കുന്ന അത്ഭുത പരിവർത്തന ദൃശ്യമാണ് വയലാറിലൂടെ നാം അനുഭവിച്ചറിഞ്ഞത്. ഒരു യാഥാസ്ഥിതിക ക്ഷത്രിയ കുടുംബത്തിൽ ജനിച്ച ജി. രാമവർമ്മ തിരുമുൽപ്പാട് കേരളത്തിന്റെ അത്യുജ്ജ്വലമായ രാഷ്ട്രീയ - സാമൂഹിക - സാഹിത്യ ചരിത്രത്തിൽ പുരോഗമനത്തിന്റെ ശോണപതാകയുമായി നടന്നുതുടങ്ങിയത് ഒരു വലിയ ചരിത്രം.

കവി എന്ന നിലയിൽ മാത്രമല്ല ഗാനരചയിതാവ് കൂടിയായിട്ടാണ് വയലാറിനെ നമുക്ക് പരിചയം. എന്നാൽ, വയലാർ അപൂർവസുന്ദരമായി ഗദ്യവുമെഴുതുമായിരുന്നു. 'പുരുഷാന്തരങ്ങളിലൂടെ' എന്ന യാത്രാവിവരണവും 'കവിയുടെ ഡയറി', 'വെട്ടും തിരുത്തും', 'രക്തം കലർന്ന മണ്ണ്' ഇവയൊക്കെ അതിന് ഉദാഹരണങ്ങളാണ്... കവികൾ ഗദ്യമെഴുതുമ്പോൾ ഒരു പ്രത്യേകമായ ചാരുത അതിനുണ്ടാകുന്നു എന്നതിന് മലയാളത്തിൽ വേറെയും തെളിവുകളുണ്ടല്ലോ. വയലാർ രചിച്ച ലേഖനങ്ങൾ എന്തുകൊണ്ടോ വേണ്ടത്ര ചർച്ച ചെയ്യപ്പെട്ടില്ല.. അതുപോലെ തന്നെ അദ്ദേഹം രചിച്ച ഓരോ ഗാനങ്ങളെയും ഒറ്റയൊറ്റയായി പഠനവിധേയമാക്കുമ്പോഴാണ് ഈ കവിയുടെ ജ്ഞാനത്തിന്റെ അഗാധത നമുക്ക് അനുഭവവേദ്യമാകുന്നത്. അത്തരത്തിൽ പഠനവിധേയമാക്കേണ്ട ഒരു ഗാനമാണ് 'ദുർഗ' എന്ന ചിത്രത്തിനുവേണ്ടി വയലാർ രചിച്ച് ദേവരാജൻ മാസ്റ്റർ ഈണമിട്ട് ഗാനഗന്ധർവൻ യേശുദാസും പി. മാധുരിയും സംഘവും ആലപിച്ച 'ഗുരുദേവാ ഗുരുദേവാ ശ്രീനാരായണഗുരുദേവ...' എന്നു തുടങ്ങുന്ന ഗാനം. വർഷങ്ങൾക്ക് മുമ്പ് വയലാർ അത്യുജ്ജ്വലമായ ഒരു ലേഖനം എഴുതിയിട്ടുണ്ട്. 'ശ്രീനാരായണ ഗുരുവിനെ രക്ഷിക്കുക' എന്നാണതിന്റെ തലക്കെട്ട്. അഭിനവ ആൾദൈവങ്ങളെ കണക്കറ്റ് പരിഹസിക്കുകയും ശ്രീനാരായണ ഗുരുവിന്റെ ദാർശനിക ഔന്നത്യത്തെ അത്ഭുതത്തോടെ നമസ്കരിക്കുകയും ചെയ്യുന്ന വയലാറിനെ പ്രസ്തുത ലേഖനത്തിൽ കാണാം. ലേഖനത്തിന്റെ അവസാന ഭാഗത്ത് വയലാർ പറയുന്നത് ഇങ്ങനെ 'മഹാകവി കുമാരനാശാൻ പറഞ്ഞതുപോലെ ഉഗ്രവ്രതനായ മുനി അചഞ്ചലനായി നിന്നു. ആളുകൾ നിലക്കണ്ണാടിക്കു വേണ്ടി ഓടി. ഏതോ ഒരു നഗരത്തിലെ ഒരു ക്രിസ്ത്യാനിയുടെ സ്റ്റേഷനറി കച്ചവടപ്പീടികയിൽ നിന്ന് ആരോ ഒരാൾ വാങ്ങിക്കൊണ്ടുവന്ന നിലക്കണ്ണാടി ആ ഗർഭഗൃഹത്തിനുള്ളിൽ പ്രതിഷ്ഠിച്ചിട്ടേ ശ്രീനാരായണൻ മടങ്ങിയുള്ളൂ. കുളിച്ചീറൻ മാറാതെ നടയ്ക്കൽ ചെന്നു തൊഴുതുനിന്ന ഭക്തന്മാർ അവരുടെ തന്നെ പ്രതിരൂപങ്ങൾ അവരെ അഭിവാദനം ചെയ്യുന്നതാണ് കണ്ടത്. ഉപനിഷത്തിലെ 'തത്വമസി' എത്ര ലളിതമായി വ്യാഖ്യാനിച്ചിരിക്കുന്നു എന്ന് മോഹഭംഗംകൊണ്ട് അന്നാരും മനസിലാക്കിയില്ല.

(ഗ്രന്ഥലോകം - വയലാർ പതിപ്പ് - പുറം -40, ഒക്ടോബർ 2001)

ശ്രീനാരായണഗുരുവിന്റെ തത്വദർശനവും ജീവിതദർശനവും സമൂഹപ്രതിബദ്ധതയും പുരോഗമന വീക്ഷണവും വയലാറിനെ എത്രമാത്രം ആകർഷിച്ചിരുന്നു എന്നും സ്വാധീനിച്ചിരുന്നു എന്നും വയലാറിന്റെ സർഗരുധിരത്തിലൂടെ ഗുരുസൂക്തികൾ ഒഴുകി എന്നും ഈ ഗാനത്തിലൂടെ നാം തിരിച്ചറിയും.

*'ശ്രീനാരായണ ഗുരുദേവാ*
*ശ്രീനാരായണ ഗുരുദേവാ*
*ശിരസിൽ ശ്രീപാദപുഷ്പങ്ങൾ ചൂടിയ*
*ശിവഗിരി തേടി വരുന്നു ഞങ്ങൾ'* - വയലാർ തന്റെ 'ശ്രീനാരായണ ഗുരു' എന്ന കവിതയിൽ പറഞ്ഞതുപോലെ വിശ്വസംസ്കാരത്തിന്റെ യജ്ഞമാരംഭിച്ച ആ ശിവഗിരിക്കുന്നിൻ നെറുകയിൽ നിന്നാണ് ഈ ഗാനത്തിന്റെ പിറവി.


*'ഗുരുകുലം തേടി വരുന്നു*
*അദ്വൈതത്തിനെ പൂണൂലണിയിക്കും*
*ആര്യമതങ്ങൾ കേൾക്കേ*
*ഒരു ജാതി ഒരു മതം ഒരു ദൈവമെന്നൊരു*
*തിരുക്കുറൾ പാടിയ ഗുരുദേവാ'-*

ശ്രീനാരായണഗുരു ഭാരതീയ സമൂഹത്തിൽ ചെലുത്തിയ ജ്ഞാനസ്വാധീനത്തിന് തെളിവാണ് ഈ വരികൾ. ആധുനിക കേരളം ചരിത്രത്തിന്റെ ഈറ്റില്ലത്തുനിന്ന് ചാപിള്ളയാകാതെ അംഗവൈകല്യമില്ലാതെ ഊർജ്ജസ്വലതയോടെ പുറത്തുവന്നത് ശ്രീനാരായണഗുരുവിന്റെ അതിനിപുണമായ പ്രസൂതിതന്ത്രപ്രയോഗമൊന്നുകൊണ്ടുമാത്രമാണ്. ഇത് അരക്കിട്ടുറപ്പിക്കുന്ന വരികളാണ് വയലാർ രചിച്ചിരിക്കുന്നത്.

'ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്
ഒരു യോനി ഒരാകാശം ഒരു ഭേദവുമില്ലതിൽ' എന്ന് തിരുക്കുറൾ മാതൃകയിൽ (രണ്ടുവരിയിൽ ആശയം അവസാനിക്കുന്ന പദ്യമാണ് കുറൾ) രചിച്ച് ആഹ്വാനം ചെയ്ത ഗുരുവിന്റെ ശാന്തഗംഭീരമായ വചനസാഗരം വയലാറിൽ അലയടിക്കുന്നത് കാണാം.

*'ഋഗ്വേദത്തിന് പുണ്യാഹം തളിക്കും*
*ഇല്ലപ്പറമ്പുകൾ കേൾക്കേ അവരുടെ*
*അന്ധവിശ്വാസങ്ങൾ കേൾക്കേ*
*മതമേതായാലും മനുഷ്യൻ നന്നാകുമ്പോൾ*
*ഉപദേശം നൽകിയ ഗുരുദേവാ'*
*നിൻ തിരുമൊഴികൾ ജയിക്കട്ടെ*
*നിന്റെ വെളിച്ചം നയിക്കട്ടെ*
*പുലരട്ടെ പുലരട്ടെ പുതിയൊരു ധർമ്മം*
*പുലരട്ടെ'* - ഈ ഭാഗത്ത് ഗുരുവിന്റെ ഏറ്റവും പ്രധാന സൂക്തമായ 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി' എന്ന വാക്യത്തെ ഉൾച്ചേർത്തുകൊണ്ട് ആധുനിക സമൂഹത്തിനു നേരെ പിടിച്ച ഒരു കണ്ണാടിപോലെ ഈ വരികളെടുത്തു കാട്ടുകയാണ് വയലാർ. ദുരഭിമാന കൊലകളും ആൾക്കൂട്ടകൊലപാതകവും വർദ്ധിക്കുകയും ജാതീയതയും മതാന്ധതയും അതിന്റെ സഹസ്രദന്തങ്ങളും ശതസഹസ്ര നഖരങ്ങളുമായി കേരളത്തിന്റെ ആത്മശുദ്ധിയെ പിളർന്നു ചോരകുടിക്കുന്ന ഭാരതത്തിലങ്ങോളമിങ്ങോളം സാമൂഹിക അസമത്വങ്ങൾ നിലനിൽക്കുന്ന സമകാലിക സാഹചര്യത്തിൽ ഈ ചലച്ചിത്രഗാനത്തിന് വളരെയേറെ പ്രസക്തിയുണ്ട്. വയലാർ രാമവർമ്മ ട്രസ്റ്റിന്റെ എല്ലാമെല്ലാമായ സി.വി. ത്രിവിക്രമൻ സാറാണ് ഈ ഗാനത്തെക്കുറിച്ച് എന്നോട് പറയുകയും ഒരു ലേഖനമെഴുതിയാൽ നന്നായിരിക്കും എന്ന് ഓർമ്മിപ്പിക്കുകയും ചെയ്തത്. പലതവണ ഈ ഗാനം കേട്ടിട്ടുണ്ടെങ്കിലും ഇത്തരത്തിൽ ഒരു പഠന സാധ്യതയെക്കുറിച്ച് അന്നൊന്നും ഞാൻ ആലോചിച്ചിരുന്നില്ലല്ലോ എന്നോർക്കുമ്പോൾ ചെറിയൊരു ദുഃഖമുണ്ട്. ഇത്തരത്തിൽ ഒരു ലേഖനം തയ്യാറാക്കുന്നതിനെക്കുറിച്ച് എന്റെ സുഹൃത്തും ജ്യേഷ്ഠസഹോദരതുല്യനുമായ അഡ്വ. എസ്. എസ്. ഷാജിയോട് പറഞ്ഞപ്പോൾ വളരെ സന്തോഷത്തോടെ അദ്ദേഹം പറഞ്ഞു 'നല്ല കാര്യം. ആ ഗാനം സവിശേഷമായി പഠിക്കേണ്ടതാണ്. ഈ അടുത്തകാലം വരെ ഗുരുവിനെക്കുറിച്ചുണ്ടായ ഏറ്റവും പ്രഗത്ഭമായ ഒരു രചനയാണ് അത്. എല്ലാ ചതയദിനത്തിലും ഈ ഒരൊറ്റഗാനം മാത്രം കേൾപ്പിക്കുന്നത് നേരിട്ട് കണ്ടിട്ടുണ്ട്. നല്ല ഉദ്യമമാണ് അനിയാ' - ഇത് ഇവിടെയെഴുതിയത് എഴുത്തുകാർക്കിടയിൽ മാത്രമല്ല, സാധാരണ ആസ്വാദകർക്കിടയിലും ഈ ഗാനം പ്രചുരപ്രചാരം നേടിയതിന് കാരണം അതിനുള്ളിൽ ജ്വലിച്ചുനിൽക്കുന്ന ശ്രീനാരായണ തത്വങ്ങളുടെ പ്രകാശം കൊണ്ടും അതിനെ ശരിയാംവണ്ണം കാട്ടിത്തരാൻ വയലാറിനെപ്പോലുള്ള ഒരു മഹാപ്രതിഭയ്ക്ക് സാധിച്ചു എന്നുള്ളതുകൊണ്ടുമാണ്. വയലാർ രാമവർമ്മയും ശ്രീനാരായണഗുരുവും തമ്മിൽ കണ്ടിരുന്നെങ്കിൽ അവരൊന്ന് സ്നേഹാശ്ലേഷണം ചെയ്തിരുന്നെങ്കിൽ എന്ന് ആത്മാവിൽ ആഗ്രഹിച്ചുപോകുന്നു. ഈ ഗാനത്തിന്റെ ശീതനദിയിൽ ഇറങ്ങിക്കയറിയപ്പോൾ അറിയാതെ തോന്നിപ്പോയ ഒരു ആഗ്രഹമാണ്. എന്നാൽ ഇപ്പോൾ ഞാനാനന്ദിക്കുന്നു. കാരണം ആശയം കൊണ്ടും ദാർശനിക സൗഭാഗ്യഗരിമകൊണ്ടും അവർ എന്നേ ആലിംഗനബദ്ധരായി കഴിഞ്ഞിരിക്കുന്നു. അത് പൂവിൽ സുഗന്ധം പോലെ കടലിൽ ലവണം പോലെ കാണാനാവില്ല. എന്നാൽ അനുഭവിക്കാൻ സാധിക്കും. അതുതന്നെയാണ് ഈ ഗാനത്തിന്റെ ധന്യതയും.

*(ഫോൺ: 9544465542)*



*വയലാർ രാമവർമ്മ*


*കുമാരനാശാൻ*



# പൂച്ച മൂങ്ങ
## Short-eared owl (Asio flammeus)

**പക്ഷിനോട്ടം**
**രഹാന ഹബീബ്**



ഓരോ മൂങ്ങയെയും കാണുമ്പോൾ അത്ഭുതം തോന്നും. വലിപ്പച്ചെറുപ്പത്തിലേ വ്യത്യാസമുണ്ടാവാറുള്ളൂ. ജീവിതരീതികളും നോട്ടവും ഒക്കെ ഏതാണ്ട് ഒരുപോലെ തന്നെ. കുഞ്ഞൻ മൂങ്ങകളേക്കാൾ സ്വൽപ്പം കൂടെ വലിപ്പമുള്ള ഒരു മൂങ്ങയാണ് പൂച്ച മൂങ്ങ എന്ന ഷോർട് ഇയേർഡ് ഔൾ. കൊമ്പൻമൂങ്ങയെ പോലെ ഇവയ്ക്കും ഉയർന്നു നിൽക്കുന്ന തൂവലുകൾ നിറഞ്ഞ ചെവിയാണ്. ചെവി ഉയർത്തുന്നത് ഏതെങ്കിലും അപകട ഭീഷണി തോന്നുമ്പോൾ മാത്രമാണ്. ഉരുണ്ട കണ്ണുകൾ കറക്കി ചുറ്റും നോക്കികൊണ്ടിരിക്കും. കേരളത്തിൽ അധികം കണ്ടിട്ടില്ല. പക്ഷേ മുൾച്ചെടികളും കുറ്റിക്കാടുകളും നിറഞ്ഞ വരണ്ട പ്രദേശങ്ങളിൽ ഇവയെ കാണാം. തമിഴ്നാട്ടിലും ഗുജറാത്തിലും മറ്റും കണ്ടിട്ടുണ്ട്. പുൽമേടുകളിലും മരുഭൂമിയിലും വരണ്ട ഭൂമിയിലും മറ്റും പൊക്കം കുറഞ്ഞ തണലുള്ള മുൾച്ചെടികളുടെ അടിയിലാണ് മിക്കവാറും ഇവയെ കണ്ടിട്ടുള്ളത്. ഒരു ചെറിയ പ്ലാസ്റ്റിക് സ്കെയിലിന്റെ നീളം. കുടിപ്പോയാൽ 500 ഗ്രാം തൂക്കം. മിക്കവാറും അതിനെ താഴയേ തൂക്കം കാണൂ. അന്റാർട്ടിക്കയിലും ആസ്ട്രേലിയയിലും ഒഴിച്ച് മിക്കവാറും എല്ലാ ഭൂഖണ്ഡങ്ങളിലും ഇവയുണ്ട്. ഒറ്റനോട്ടത്തിൽ ഇവയുടെ വലിയ കണ്ണുകളാണ് ആദ്യം ശ്രദ്ധയിൽ പെടുന്നത്. നല്ല മഞ്ഞ കണ്ണിനു ചുറ്റും കറുത്ത വലയം. വലിയ തല ചെറിയ കഴുത്ത്. സ്വല്പം നീണ്ട് വളഞ്ഞ മൂക്കുപോലെയുള്ള കറുത്ത ചുണ്ട്. കടുത്ത ബ്രൗൺ നിറത്തിൽ തവിട്ടും വെളുപ്പും പുള്ളികൾ നിറഞ്ഞ പുറംഭാഗം. അടിഭാഗം നേർത്ത വരകൾ നിറഞ്ഞ ഇളം ബ്രൗൺ നിറം. ചെറിയ തൂവലുകൾ നിറഞ്ഞ കാലുകൾ. മറ്റു മൂങ്ങകളെ അപേക്ഷിച്ച് ഇവയ്ക്കു കുറച്ചു നീണ്ട ചിറകുകളാണ്. ചിറകിലും വരകളും കുറികളും ഒക്കെയുണ്ട്. ആണിനെ അപേക്ഷിച്ച് പെണ്ണിന് സ്വൽപ്പം വലിപ്പക്കൂടുതലുണ്ട്. ഇവ തറ നിരപ്പിൽ നിന്ന് വലിയ ഉയരത്തിലല്ലാതെയാണ് പറന്നു ഇരപിടിക്കാറുള്ളത്. കൂടുതലും ചെറിയ ഷഡ്പദങ്ങൾ, എലികൾ, ചെറിയ ഇഴജന്തുക്കൾ, കിളികൾ എന്നിവയെ. ഒരു വയസാവുന്നതോടെ പ്രായപൂർത്തിയാവുന്നു. പ്രജനനകാലം മഴയ്ക്കു മുൻപുള്ള ചൂടുകാലമാണ്. മാർച്ച് മുതൽ ജൂൺ വരെ. അപ്പോൾ കൂട്ടത്തോടെ ഇവർ കൂടൊരുക്കാറുണ്ട്. തണലുള്ള മുൾച്ചെടികളുടെ താഴെ ഒന്നിലധികം കൂടുകൾ ഉണ്ടാവാറുണ്ട്. തറയിലാണ് കൂടുകൾ. നാലു മുതൽ ഏഴു വരെ വെളുത്ത മുട്ടകൾ ഉണ്ടാവാറുണ്ട്. മുട്ടയുടെ എണ്ണം കിട്ടുന്ന ആഹാരത്തെ അപേക്ഷിച്ചിരിക്കും. ആൺ മൂങ്ങ അതിനുള്ള ആഹാരം കൂടെ തേടിപ്പിടിക്കും. ആൺമൂങ്ങകൾ ഏക പത്നീവ്രതക്കാരാണ്. 21 മുതൽ 37 വരെ ദിവസമെടുത്തു മുട്ടകൾ വിരിയുന്നു. വീണ്ടും ഒരു നാലാഴ്ച കൂടി കഴിയുമ്പോൾ കുഞ്ഞുങ്ങൾ പറക്കമുറ്റുന്നു.

# പുസ്തകപരിചയം

### അയ്യൻകാളി ആത്മാർത്ഥതയുടെ ആൾരൂപം

**ഇ.കെ. മുരളീധരൻ**



കേരളത്തിന്റെ സാമൂഹിക പശ്ചാത്തലം അപരിഷ്കൃതമായ ആചാരനുഷ്ഠാനങ്ങൾ കൊണ്ട് വികൃതമാക്കപ്പെട്ട ഒന്നായിരുന്നു എന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നു. ഇന്നത്തെ നമ്മുടെ വായനയ്ക്കും സങ്കൽപ്പങ്ങൾക്കും ഒക്കെ അപ്പുറമായിരുന്നു അതിന്റെ നിജസ്ഥിതി. ആ സ്ഥിതിവിശേഷത്തെ ഒരു പരിധിവരെയെങ്കിലും ഇല്ലായ്മ ചെയ്യാൻ ശ്രമിച്ച അനേകം പേരുടെ ചരിത്രങ്ങൾ മറവിയുടെ മടിത്തട്ടിലേക്ക് വീണുകൊണ്ടിരിക്കുന്ന സന്ദർഭത്തിലാണ് അയ്യൻകാളിയുടെ ജീവചരിത്രം സാഹിത്യകാരനായ മുരളീധരൻ തികഞ്ഞ ഭാവനാവിലാസത്തോടെ ലളിതമായ ഭാഷാശൈലിയിൽ ബഹുജന സമക്ഷം സമർപ്പിക്കുന്നത്.

*പ്രസാധകർ: പെലിക്കൻ ബുക്ക്സ് ₹ 80*

### നവോത്ഥാനവഴികളിലെ മഹാരഥന്മാർ

**ഇ.കെ മുരളീധരൻ**



കേരളീയ നവോത്ഥാനത്തിന്റെ സാരഥികളായ 12 മഹാശയന്മാരുടെ സേവനചരിതമാണ് ഈ ഗ്രന്ഥത്തിൽ വിവരിച്ചിട്ടുള്ളത്. പ്രതിപാദനം ലളിതവും സംക്ഷിപ്തവുമാണ്. അതേ സമയം തന്നെ മർമ്മസ്പർശിയുമാണ്. അതുകൊണ്ട് സാധാരണക്കാരായ മനുഷ്യർക്ക് ഏതുതരം ജോലികൾക്കുമിടയിലും തിരക്കുകൾക്കിടയിലും ഈ ഗ്രന്ഥം വായിച്ചു തീർക്കാൻ കഴിയും. വായിച്ച് തീരുമ്പോൾ പ്രബുദ്ധതയുടെ പ്രകാശം അവരുടെ മനസുകളിൽ തെളിയാൻ തുടങ്ങുന്നു. അതിന്റെ ഫലം എന്തായിരിക്കുമെന്ന് നമുക്ക് അറിയാം. നമ്മുടെ കാലഘട്ടത്തിൽ അവശ്യം അറിഞ്ഞിരിക്കേണ്ട ഒരു ചുമതലയാണ് സംയമിതമായ സാംസ്കാരികബോധത്തോടു കൂടി മുരളീധരൻ ഇവിടെ ഏറ്റെടുത്തിരിക്കുന്നത്.

*പ്രസാധകർ: പെലിക്കൻ ബുക്ക്സ് ₹ 140*

### കഥ

**ഇ.വി ശ്രീധരൻ**





ഇടനാഴിയിൽ പതുങ്ങി നിന്ന് പരിസരം ശ്രദ്ധിക്കുന്ന കലാകാരനല്ല ഇ.വി ശ്രീധരൻ. പരിസരങ്ങളിൽ പൂർണമായും മുഴുകുന്ന കഥാകൃത്താണ് അദ്ദേഹം. ഒറ്റപ്പെട്ട പ്രവാസിയെപ്പോലെ ഈ കഥാകൃത്ത് നിൽക്കുന്നു. അപ്പോഴും നോട്ടം തെറ്റുന്നില്ല. സ്ഥിരദൃഷ്ടിയായി ജീവിതത്തെ ഉറ്റുനോക്കുന്നു. ഈ നോട്ടത്തിലൂടെ അപൂർവ സാഹചര്യങ്ങളെ ഈ കഥാകൃത്ത് പിടിച്ചെടുക്കുന്നു.

*പ്രസാധകർ: സാഹിത്യ പ്രവർത്തക കോ-ഓപ്പറേറ്റിവ് സൊസൈറ്റി ₹ 110*

### ശ്രീനാരായണഗുരുദേവ മഹാസമാധി നവതി ആചരണം

**ചെന്ത്പ്പൂര് വി. ഭാസ്കരൻ**




ഗുരുദേവന്റെ നേർസന്യസി ശിഷ്യരും നേർഗൃഹസ്ഥ ശിഷ്യരും ഗുരുദേവ ഭക്തരും ചേർന്ന് ഗുരുദേവൻ പരിനിർവാണം പ്രാപിച്ചതിന്റെ 41-ാം നാളിൽ ശിവഗിരിയിൽ നടത്താൻ നിശ്ചയിച്ചിരുന്ന ചടങ്ങുകൾക്ക് തടസം നേരിട്ടു. 90 വർഷത്തിന് ശേഷം 2018 സെപ്തംബർ 21 മുതൽ ശിവഗിരി മഠത്തിന്റേയും യോഗത്തിന്റേയും സാരഥികൾ മനസും ശരീരവും അർപ്പിച്ചുകൊണ്ട് മുടക്കം സംഭവിച്ചതായ മഹായതി പൂജയും മണ്ഡലമഹായജ്ഞവും ഗുരുദേവന്റെ മഹാസമാധി നവതി ആചരണവും നിർവിഘ്നം നടത്തുകയും 31-10-2018ൽ പര്യവസാനിക്കുകയും ചെയ്തു.

*പ്രസാധകർ: ശാന്തിഗിരി മുദ്രണാലയം ₹ 100*

### പത്രമാദ്ധ്യമദർശനം

**രാകേഷ്നാഥ്**




ഫാ. അലക്സാണ്ടർ പൈകട എന്ന മാതൃകാ പത്രാധിപരുടെ സവിശേഷ വ്യക്തിത്വത്തിലേക്കു വെളിച്ചം വീശുന്നതാണ് ഈ ഗ്രന്ഥം. പൈകടയച്ചനിലെ ദാർശനികനേയും പത്രാധിപരേയും ഒരു യുവസാഹിത്യകാരന്റെ വീക്ഷണകോണിലൂടെ കാണാൻ രാകേഷ്നാഥ് അവസരമൊരുക്കി. ഒരു കാലഘട്ടത്തിൽ മലയാള സമൂഹത്തിന്റെ വിചാര, കർമ്മമണ്ഡലങ്ങളെ സ്വാധീനിക്കുകയും അവയിൽ പലതിനേയും നിർവചിക്കുകയും ചെയ്ത ഈ പത്രാധിപരെ അകലെ നിന്ന് കണ്ടവർക്ക് അദ്ദേഹത്തെ കൂടുതൽ അടുത്തറിയാൻ സഹായിക്കുന്നതാണ് ഈ കൃതി.

*പ്രസാധകർ: പ്രിന്റ്ഹൗസ് പബ്ലിക്കേഷൻസ് ₹ 200*

## മയിൽപ്പീലി
**മഞ്ചു വെള്ളായണി**



# കൺസൾട്ടിംഗ് സമയം

ഭൂമി വിറ്റ് മകനെ മെഡിസിന് പഠിപ്പിക്കുന്നതിനോട് രാമഭദ്രന് യോജിപ്പുണ്ടായിരുന്നില്ല. നല്ല ആദായമുള്ള സ്ഥലം. തേങ്ങയും മാങ്ങയും ചക്കയും കിട്ടുന്ന ഒരേക്കർ പുരയിടം. അത്യാവശ്യത്തിന് കൊടുക്കുമ്പോൾ നല്ല വിലയും കിട്ടില്ല. ആവുന്നരീതിയിലെല്ലാം പറഞ്ഞുനോക്കിയെങ്കിലും ഭാര്യ രമണിക്ക് രസിച്ചില്ല. കുടുംബത്തിൽ ഒരു ഡോക്ടറുണ്ടായാൽ രക്ഷിതാക്കളുടെ വിലയും നിലയുമാണ് കൂടുന്നത്. മക്കളുടെ പ്രശസ്തിയിൽ ജീവിക്കാനും ഒരു ഭാഗ്യം വേണം. രമണിയുടെ വാദമുഖങ്ങൾ അങ്ങനെ നീണ്ടുപോയി. എന്നിട്ടും രാമഭദ്രൻ പച്ചക്കൊടി കാട്ടിയില്ല. ഒടുവിൽ രമണി ബ്രഹ്മാസ്ത്രം തന്നെ പുറത്തെടുത്തു. പണ്ട് സീതാദേവി ലക്ഷ്മണന് നേർക്ക് പ്രയോഗിച്ച ദിവ്യാസ്ത്രം. മകനോട് അസൂയയാണ്. അച്ഛൻ കഷ്ടിച്ച് പത്താംതരം. അതുതന്നെ ജയിച്ചതുമില്ല. മകൻ ഡോക്ടറായി വരുമ്പോൾ തന്നെ പുച്ഛരിക്കുമോ എന്ന ആശങ്ക. അതല്ലാതെ എന്താണ്? ആ വാക്കുകൾക്ക് മുന്നിൽ രാമഭദ്രൻ അടിയറവ് പറഞ്ഞു.

ഭൂമി വിൽക്കുന്ന ആധാരത്തിൽ ഒപ്പിടുമ്പോൾ അയാളുടെ കൈകൾ വിറച്ചു, കണ്ണുകൾ നിറഞ്ഞു. അച്ഛനുള്ള കാലത്തേ നട്ടുവളർത്തിയ എത്രയോ ഫലവൃക്ഷങ്ങൾ. അമൃതുപോലും തോൽക്കുന്ന ഇളനീരു നൽകുന്ന ചെന്തെങ്ങ്, പട്ടിന്റെ നിറമുള്ള സവിശേഷമായ ചെമ്പരത്തി വരിക്കമാവ്, എല്ലാം കൈവിട്ടുപോവുകയാണ്. എന്നന്നേക്കുമായി. ഇനി ആ മണ്ണിൽ കാലുകുത്താൻ പറ്റില്ല. ഒരു തേങ്ങ എടുക്കാനോ കൊടുക്കാനോ പറ്റില്ല. ഭാര്യയും മകനും സന്തുഷ്ടരായിരുന്നു. സ്ഥലം വരും പോകും. അതുപോലെയാണോ മക്കളുടെ ഭാവി. ഭാവി ഭദ്രമായാൽ പിന്നെ ഒന്നും ഭയക്കേണ്ട. ഭാഗ്യമുള്ള രക്ഷിതാക്കളെന്ന് നാട്ടുകാർ അസൂയപ്പെടും. ഭാര്യയുടെ വാക്കുകൾ അയാളെ ആശ്വസിപ്പിച്ചില്ല.

ആറേഴ് വർഷങ്ങൾ കണ്ണടച്ചു തുറക്കും പോലെയാണ് പോയത്. സമ്പന്നമായ ഒരു കുടുംബത്തിൽ നിന്നായിരുന്നു മകന്റെ വിവാഹം. മരുമകൾ കാണാൻ സുന്ദരി. നല്ല തന്റേടിയാണെന്ന് രാമഭദ്രൻ നിരീക്ഷിച്ചു. പണവും പഠിപ്പുമുള്ള പെൺകുട്ടികളാകുമ്പോൾ അല്പസ്വല്പം വീറും ചുണയുമൊക്കെ കാണും. നമ്മൾ അതിനോട് പൊരുത്തപ്പെടണം. മകന്റെ സമാധാന ജീവിതത്തിന്.

സ്വന്തമായുള്ള കയർ ഫാക്ടറി എന്നും നല്ല ലാഭത്തിലായിരുന്നു. ബാങ്കിൽ നിന്നെടുത്ത വായ്പയും കയറിന്റെ വിലയിടിവും തിരിച്ചടവ് മുടക്കവും പലിശയും കൂട്ടുപലിശയും എല്ലാം കൂടി രാമഭദ്രനെ വളഞ്ഞിട്ടാക്രമിച്ചു. മനോബലം നഷ്ടമായതോടെ രോഗങ്ങളുടെ ഒന്നിനു പുറകേ ഒന്നായുള്ള വരവ്. എല്ലാം സമയദോഷം. അതുമാറുമ്പോൾ എല്ലാം തെളിയും. ഭാര്യയുടെ ആശ്വാസവാക്കുകൾ രാമഭദ്രനെ ആശ്വസിപ്പിച്ചില്ല. എങ്കിലും അയാളത് ഭാവിച്ചില്ല.

എത്രയും വേഗം രണ്ടുലക്ഷം രൂപ പലിശയായി ബാങ്കിലടയ്ക്കണം. മകന് നല്ല സമയം. ധാരാളം ഭൂമിയും തോട്ടങ്ങളും വാങ്ങിക്കൂട്ടി. നല്ല കൈപ്പുണ്യമുള്ള ഡോക്ടറല്ലേ. അവനോട് വായ്പയായി വാങ്ങാം. ഭാര്യയുടെ നിർദ്ദേശത്തെ രാമഭദ്രൻ എതിർത്തില്ല. മകനു വേണ്ടി പണ്ട് വിറ്റ ഭൂമിയുണ്ടായിരുന്നെങ്കിൽ ഒരു ബുദ്ധിമുട്ടും വരില്ല. അവിടെ ഭൂമിക്കിപ്പോൾ നല്ലവിലയും. ഈശ്വരനെയും പ്രാർത്ഥിച്ച് രാമഭദ്രൻ നഗരത്തിൽ താമസിക്കുന്ന മകനെ കാണാൻ പുറപ്പെട്ടു.

നല്ല കൈപ്പുണ്യമുള്ള ഡോക്ടർ തന്നെ. വീട്ടിൽ രോഗികളുടെ നീണ്ടനിര. കൂപ്പൺ കൊടുക്കാനും കാവലിനും ആളുണ്ട്. മകന്റെ ഉയർച്ചയിൽ രാമഭദ്രൻ ആഹ്ലാദിച്ചു. അവനെ ഡോക്ടറാക്കിയതിൽ അഭിമാനിച്ചു. ഇനി ഇന്നത്തേക്ക് കൂപ്പണില്ല. നാളെ രാവിലെ വരൂ.

ഞാൻ രോഗിയല്ല. പോക്കറ്റിൽ കിടന്ന കടലാസെടുത്ത് പേരും സ്ഥലവുമെഴുതി അയാളെ ഏല്പിച്ചു. പിന്നെ വിളിക്കുന്നതും കാത്തുനിന്നു. അല്പസമയത്തിനുള്ളിൽ അകത്തുപോയ മീശക്കാരൻ പുറത്തുവന്നു പറഞ്ഞു: പുലർച്ചെ തുടങ്ങുന്ന കൺസൾട്ടിംഗാണ്. സാറിന് നല്ല ക്ഷീണം. രണ്ടാഴ്ച കാണില്ല. ഇംഗ്ലണ്ടിൽ ഒരു സെമിനാറിന് പോകുകയാണ്. അതു കഴിഞ്ഞിട്ട് വന്നാൽ മതി. ഒന്നും പറയാതെ രാമഭദ്രൻ മടങ്ങി. മടക്കയാത്രയിൽ പണ്ട് വിറ്റ സ്ഥലത്തെത്തിയപ്പോൾ അയാളറിയാതെ നോക്കിപ്പോയി. അവിടെ തേങ്ങ വെട്ടുകയാണ്. ഓരോന്ന് ചിന്തിച്ച് നിൽക്കുമ്പോൾ മുന്നിൽ ചെത്തിമിനുക്കിയ ഇളനീരുമായി ഒരു യുവാവ്. രാമഭദ്രൻ സൂക്ഷിച്ചുനോക്കി. പണ്ട് സ്ഥലം വാങ്ങിയ സമ്പന്നന്റെ മകൻ. അയാൾ സ്വന്തം ഭൂമിയിലെ ഇളനീരുപോലെ അത് കുടിച്ചു.

ഫോൺ: 9946108220

ഓർമ

# കൊച്ചാട്ടന്റെ ശാന്ത

പി. അയ്യപ്പദാസ്

*ഏതു ദുർവിധിയുടെ മരുഭൂമിയിലും*
*നീരുറവപോലെ*
*എന്റെ ശാന്ത കാത്തിരിപ്പുണ്ട്*
*എന്റെ കാൽപ്പെരുമാറ്റം കേൾക്കാൻ*
*കാതും കൂർപ്പിച്ച്...*
*(ശാന്ത കടമ്മനിട്ട)*

നെറ്റിയിൽ ചാർത്തിയ അഞ്ജനവും വിടരുന്ന പുഞ്ചിരിനാളവും ഇന്നും മങ്ങിയിട്ടില്ല. കർപ്പൂര ദീപങ്ങളാകുന്ന കണ്ണുകളും കസ്തൂരിപോലെ മണക്കുന്ന വാക്കുകളുമായി കടമ്മനിട്ടയുടെ ശാന്ത എന്ന നാട്ടുകാരുടെ ശാന്തച്ചേച്ചി വള്ളിക്കോട് കൊയ്പ്പള്ളിൽ വീടിന്റെ ഉമ്മറത്തു തന്നെയുണ്ട്. വരണ്ടമൗനത്തിനുമേൽ സന്ധ്യാലക്ഷ്മി കീർത്തനംപോലെ നല്ലോർമകളുടെ ലഹരിയിലാണിന്നും കവി പത്നി. നാടിനെ പേരാക്കി മാറ്റിയ കവിയെ ആർദ്രമായി മാറ്റിയ ശക്തിയായിരുന്നു ശാന്ത. ബഷീറിന്റെ ഫാബിയെയും തകഴിയുടെ കാത്തയെയും ഓർക്കുന്നമലയാളസാഹിത്യം കടമ്മനിട്ടയുടെ ശാന്തയെയും ഓർക്കും. ശാന്ത കവിതയായി അവതരിച്ചതുകൊണ്ടുമാത്രമായിരുന്നില്ല അത്.

ശാന്തയുടെ അതിഥിസൽക്കാരത്തിന്റെ മധുരം അത്രത്തോളം പ്രിയങ്കരമായിരുന്നു ആ വീട്ടിൽ വന്നുപോയവർക്കൊക്കെയും. നേരവും കാലവും നോക്കാതെ വിരുന്നുകാർക്കൊക്കെ വച്ചു വിളമ്പണമെന്ന കടമ്മനിട്ടയുടെ നിർബന്ധത്തിന് ശാന്തയും മത്സരിച്ചു നിന്നു. കടമ്മനിട്ടക്കാവിലമ്മയെപോൽ കവി മനസിൽ അത്രമേൽ ശാന്തയും പെയ്തിറങ്ങിയതോടെ കവിതയായും ആ സ്നേഹം മലയാളി വായിച്ചറിഞ്ഞു. സ്നേഹനിധിയായ ആ വീട്ടമ്മയെ ഹൃദ്യമായി അവതരിപ്പിക്കാൻ കടമ്മനിട്ടയ്ക്കു കഴിഞ്ഞതും ശാന്തയുടെ സ്നേഹപരിണാമങ്ങളുടെ അടയാളമായിരുന്നു.

1962 കാലഘട്ടം. പോസ്റ്റൽ ഓഡിറ്റ് ആൻഡ് അക്കൗണ്ട്സിൽ ജോലിയുള്ള രാമകൃഷ്ണനെന്നൊരു പയ്യന്റെ വിവാഹ ആലോചന ശാന്തയുടെ വീട്ടിലറിയിക്കുന്നത് നാട്ടുകാരനായ ഒരാളാണ്. 'കേന്ദ്ര സർക്കാരിന്റെ ശമ്പളം പറ്റുന്നവനാ, പോരാത്തതിന് കവിത എഴുതുകയും പ്രസംഗിക്കുകയുമൊക്കെ ചെയ്യും.' ചേരുന്ന കൂട്ടരാണെന്നു തോന്നിയതോടെ ശാന്തയുടെ വീട്ടുകാർക്കും താത്പര്യമായി. ശാന്തയുടെ അമ്മയ്ക്കാണ് രാമകൃഷ്ണന്റെ വിശേഷണങ്ങൾ നന്നേ ബോധിച്ചത്. അങ്ങനെ ആലോചനകൾ തകൃതിയായി നടക്കുന്നതിനിടയിലാണ് ചെറുക്കനും കൂട്ടരും വീട്ടിലേക്ക് അവിചാരിതമായി ഒരു ദിവസം കടന്നു വരുന്നത്.

ശാന്ത ഇന്നും മറന്നിട്ടില്ല തന്റെ കൊച്ചാട്ടനെ ആദ്യമായി കണ്ട ആ ദിവസം. 'വണ്ണമൊന്നുമില്ലാത്ത മെലിഞ്ഞൊരു രൂപം. മുടിയൊക്കെ വളർത്തിയിട്ടുണ്ടെന്നു മനസിലായി. ചായയൊക്കെ കൊണ്ടുവെച്ച് ഒന്നു നോക്കി ഞാനകത്തേക്കു പോയി. മുഖമൊന്നും ശരിക്കു കണ്ടുപോലുമില്ല. പിന്നീടാ കാര്യം പറയുമ്പോ കൊച്ചാട്ടൻ എന്നോടു പറഞ്ഞിട്ടുണ്ട്. ഞാൻ ആകെ കണ്ടത് നിന്റെ ഉപ്പൂറ്റിയാന്ന്. ആരോഗ്യമൊക്കെ ഉണ്ടെന്നു മനസിലായെന്നും. കവിയുടെ പരുക്കൻ സ്വഭാവവും മുൻശുണ്ഠിയുമൊക്കെ ശാന്തയോളം അറിഞ്ഞവളായി ആരുമുണ്ടാകില്ല. മൂക്കിന്റെ തുമ്പത്തായിരുന്നു ചിലപ്പോഴാ കോപം. കല്യാണം കഴിഞ്ഞ് അങ്ങാടിയ്ക്കലുള്ള അപ്പച്ചിയുടെ വീട്ടിൽ വിരുന്നിനു പോയ ദിവസം. കുടിക്കാനിത്തിരി വെള്ളം കൊണ്ടു വരാൻ ശാന്തയോടു കവി ആവശ്യപ്പെട്ടു. ജീരകവെള്ളം കൊതിച്ച കവിയ്ക്കു മുന്നിലെത്തിയത് പച്ചവെള്ളം. കവി പരിസരം മറന്ന് അവിടെ നിന്ന് ശാന്തയോടു ചൂടായി. 'ആദ്യമായി ആ മുഖത്തെ ദേഷ്യം ഞാനടുത്തറിഞ്ഞത് അന്നായിരുന്നു. അന്നാകെ സങ്കടമായി. പിന്നീടതൊരു ശീലമായി.' ശാന്ത പഴയ ഓർമകളെ മറനീക്കി എടുത്തു. തെളിനീരുറവപോലെതെളിഞ്ഞ ആ മനസും ശാന്തയോളം ആർക്കും അറിയില്ലായിരുന്നു. 'ദേഷ്യം പെട്ടന്നങ്ങു മാറും. പിന്നെ വലിയ സങ്കടമാണ്. ഞാൻ നിന്നെ വല്ലോം പറഞ്ഞാരുന്നോടീ, മിണ്ടാതിരിക്കല്ലേ എന്നും പറഞ്ഞ് നമുക്കു ചുറ്റുംകൂടും.' പോയകാലത്തിന്റെ ഓർമകൾ ശാന്തയുടെ മുഖത്ത് മിന്നി മറഞ്ഞു.

വിവാഹം കഴിഞ്ഞ് കുറച്ചു വർഷങ്ങൾക്കു ശേഷം മദ്രാസിൽ നിന്നു കവിയ്ക്കു ജോലി തിരുവനന്തപുരത്തേയ്ക്കായി. ഇതിനിടയിലാണ് വള്ളിക്കോട്ടെ വീടു വാങ്ങുന്നത്. കവിത എഴുതാനൊക്കെ പറ്റിയ അന്തരീക്ഷമുള്ളൊരു കൊച്ചു നല്ല വീട്. കടമ്മനിട്ടയെ കൊതിപ്പിച്ചത് അതായിരുന്നു. വള്ളിക്കോട്ടെ നെല്ലിൻതണ്ട്മണക്കുന്ന വഴികളും എള്ളിൻ നാമ്പു കുരുക്കും വയലുകളുമൊക്കെ കവിയെ സ്വന്തം നാടിന്റെ ഓർമകളിലേക്കു കൊണ്ടുപോയി. 'തൃക്കോവിലപ്പന്റെ ദർശനമുള്ള വീടാ, അതിന്റെ എല്ലാ കൊണോം ആ വീട്ടിൽ കാണാനുണ്ട്.' ദേശദേവനെ മനസിലോർത്ത് ശാന്ത പറഞ്ഞു തുടങ്ങി. 'ഈ വീടായിരുന്നു ഞങ്ങളുടെ വലിയ ലോകം.'

കടമ്മനിട്ടയുടെ പല കവിതകളും രചിച്ചത് ഈ വീട്ടിലിരുന്നായിരുന്നു. കവിത എഴുതി കഴിഞ്ഞാൽ കടമ്മനിട്ട അത് ഉച്ചത്തിൽ ചൊല്ലും. അടുക്കളയിലിരിക്കുന്ന ശാന്തയും അടുത്തുള്ളവരുമൊക്കെ അങ്ങനെ കവിത കേൾക്കാൻ അടുത്തുകൂടും. കേട്ടിരിക്കുന്നവർക്കു രസം കൂടുന്നു എന്നു തോന്നിയാൽ കവി വീണ്ടും വീണ്ടും പാടും. ഇതായിരുന്നു കടമ്മനിട്ട കവിതകളുടെ രസക്കൂട്ടുകളിൽ ഒന്ന്.

'കൊച്ചാട്ടൻ എഴുതാൻ തുടങ്ങിയ ഒരിരുപ്പാണ്. പിന്നെ ആരും ശല്യം ചെയ്യരുത്. ഇടയ്ക്ക് ചായയോ കാപ്പിയോ കൊണ്ടു മിണ്ടാതെ മേശപ്പുറത്തു വച്ചുവരും. എഴുത്തിന്റെ ആവേശത്തിനിടയിൽ ചിലപ്പോ മീശയിങ്ങനെ പിരിച്ചു പിരിച്ച് ഇരിക്കുന്നതു കാണാം. ചിലപ്പോ കാണാം നീളൻമുടി ഇങ്ങനെ വിരലിൽ ചുറ്റി വലിച്ചു പിഴുതെറിയുന്നത്. ഈ കാഴ്ച പതിവായി കണ്ടതോടെ ഒരിക്കലത് ഞാൻ തന്നെ എഴുതുന്നതിനിടയിൽ കവിയോടു ചോദിച്ചു. അയ്യോ, എഴുത്തിനിടയിൽ ശല്യപ്പെടുത്തിയില്ലേ, പിന്നെ പറയണോ പുകില്. അന്നെന്നോട് കുറേ ദേഷ്യപ്പെട്ടു. അതൊക്കെ ഓർക്കുമ്പോ എനിക്കിപ്പോ ചിരി വരുവാ.' കടമ്മനിട്ടയുടെ ഓർമകളിൽ ശാന്ത വാചാലയായി.

വള്ളിക്കോട്ടെ ഈ വീട് ഒരുകാലത്ത് കവികളുടെയും എഴുത്തുകാരുടെയുമൊക്കെ ഒത്തുചേരലിന്റെ ഇടമായിരുന്നു. 'ഇടവേളകളില്ലാതെ ആളുകളിങ്ങനെ വന്നു പോകും. ചായയും ഊണുമൊക്കെ ഒരുക്കി അടുക്കളയിലായിരുന്നു ഞാനെപ്പോഴും. ആദ്യകാലത്ത് ഈ ചെറിയ വീട്ടിൽ ഇരിക്കാൻപോലും ഇടമുണ്ടായിരുന്നില്ല. കൊച്ചാട്ടൻ പുൽപ്പായും വിരിച്ച് വരുന്നവരെയൊക്കെയായി പിന്നിലുള്ള മരത്തണലിൽ പോയി ഇരിക്കും.' ശാന്ത വന്നു പോയ മുഖങ്ങളെ ഓർത്തെടുത്തു.

അതിഥികളെ മനസറിഞ്ഞ് രുചിയോടെ ഊട്ടിയതാണ് ശാന്തയെ ഏവർക്കും പ്രിയങ്കരിയാക്കിയത്. പതിവുകാരുടെ ഇഷ്ടമറിഞ്ഞു വിളമ്പാനും കാലക്രമത്തിൽ ശാന്ത പഠിച്ചു. വിഭവസമൃദ്ധമായിതന്നെകഴിക്കാനായിരുന്നുകൊച്ചാട്ടന് ഇഷ്ടം. രുചിയോടെ എന്തു നൽകിയാലും ഞാൻ കഴിക്കുമെടീ എന്ന് കൊച്ചാട്ടൻ ഇടയ്ക്കിടെ ഓർമിപ്പിക്കുമായിരുന്നു. ഡി. വിനയചന്ദ്രൻമാഷ് കവിയെ കാണാനെത്തിയാൽ ഉടനെ അടുക്കളയിലെത്തി ഞാനുമുണ്ടേ എന്നു ഹാജരു വയ്ക്കും. വിരുന്നുകാരൻ കുഞ്ഞുണ്ണി മാഷാണെന്നറിഞ്ഞാൽ വ്യത്യസ്ത ഇനം തീയലാണ് വേണ്ടത്. ബാലചന്ദ്രൻ ചുള്ളിക്കാടാണെങ്കിൽ സമാധാനമുണ്ട്, എന്തു കൊടുത്താലും കഴിക്കും. നടൻ മുരളിയാണെങ്കിൽ അതിലും സമാധാനം. ഉള്ളതൊക്കെ അടുക്കളയിൽ കയറി വിളമ്പി കഴിച്ചോളും. എ. അയ്യപ്പനാണെങ്കിൽ ചോറും മീൻകറിയും വേണം. അടുക്കള ഊട്ടുപുരയാക്കിയ ആ കാലം ഓർക്കുമ്പോൾ ശാന്തയ്ക്കും ആവേശം.

'കവിയ്ക്കെല്ലാ നാട്ടും കടമ്മനിട്ടയായിരുന്നു. എവിടെ ചെന്നാലും പരിചിതമായി മുഖങ്ങൾ. ആരെങ്കിലെയുമൊക്കെ കണ്ടാൽ അവരോടു കൂട്ടുകൂടിയങ്ങ് പോകും. പിന്നെ കൂടെ വന്നവരെയൊക്കെ മറക്കും. ഒരിക്കൽ അമേരിക്കയിലേക്ക് ഒരു മാസത്തേയ്ക്കൊരു യാത്ര പോയി. വിമാനത്തിലൊക്കെ കയറി പോകുകയാണ് കേട്ടപ്പഴേ എനിക്കാകെ പേടിയായി. പോയി ഒരു മാസം കഴിഞ്ഞു. ഒന്നര മാസമായി. രണ്ടായി. പോയ കടമ്മനിട്ടയെ കാണാനില്ല. എന്റെ സമാധാനം പോയില്ലേ. താഴൂരമ്മേ വിളിച്ച് മനസുരുകി പ്രാർത്ഥിക്കാനല്ലാതെ എനിക്കെന്തു ചെയ്യാൻ പറ്റും. വളർന്നു വരുന്ന രണ്ടു കൊച്ചുമക്കളും. ഞാനെല്ലാ രാത്രിയിലും കൊച്ചാട്ടനെ കാത്തിരുന്നു. കത്തെഴുതാൻ വിലാസമറിയില്ല. ആരോട് തിരക്കാൻ... അങ്ങനെ രണ്ടരമാസം കഴിഞ്ഞൊരു രാത്രി കൊച്ചാട്ടൻ വന്നു. ആ രാത്രി ഞാനിന്നും മറന്നിട്ടില്ല. കൊച്ചാട്ടനെ ഞാനെത്രത്തോളം സ്നേഹിച്ചിരുന്നെന്ന് ഞാൻ തന്നെ തിരിച്ചറിഞ്ഞ ദിവസങ്ങളായിരുന്നു അത്. ഒന്നും മിണ്ടാതെ വന്നെന്നോട് കുളിക്കാൻ ചൂടു വെള്ളം എടുക്കാൻ പറഞ്ഞു. ആ രാത്രി പതിവുപോലെ കറിയ്ക്ക് ഉപ്പും മുളകുമൊക്കെ പോരെന്നും പറഞ്ഞ് എന്നോടു പരിഭവിച്ചു. ഞാനൊന്നും മിണ്ടുന്നില്ലെന്നു കണ്ടതോടെ കൊച്ചാട്ടനും വിഷമമമായി. പിന്നെ എന്റെയും മനസലിയാതെ ഒക്കുമോ.'

ഇടയ്ക്കിടെ മരണഭയം ഉണ്ടായിരുന്നതായി ശാന്ത ഓർക്കുന്നു. ജാതകപ്രകാരം മുപ്പത്തിരണ്ടാമത്തെ വയസിൽ മരണം ഉറപ്പാണ്. അങ്ങനെ കവിയും മരണത്തെ കാത്തിരുന്നു. 'കൊച്ചാട്ടന് ആ സമയത്തു വല്ലാത്ത പേടിയായിരുന്നു. ഞാനിപ്പോ ചാവുമെടിയേ എന്ന് ഇടയ്ക്കിടെ പറഞ്ഞുകൊണ്ടിരിക്കും. അതു കഴിഞ്ഞതോടെ ജാതകത്തിൽ അടുത്തതായി പറഞ്ഞിരിക്കുന്നത് നാൽപത്തിരൻപതിലാണ്. ആ സമയത്തും കൊച്ചാട്ടൻ നന്നായി പേടിച്ചു. ഞാനീ വർഷം തന്നെ മരിക്കുമെന്ന് വരുന്നവരോടും പോകുന്നവരോടുമൊക്കെ ചുമ്മ പറഞ്ഞുകൊണ്ടിരുന്നു. അന്നും കാലൻ തോറ്റോടിയതിൽ കൊച്ചാട്ടൻ ആശ്വസിച്ചു. ജാതകപ്രകാരം അടുത്ത മരണകാലം എഴുപത്തിരണ്ടാം വയസിലാണ്. അന്നും കാലൻ കുരുക്കിടാൻ മറന്നുവെന്നും പറഞ്ഞ് കൊച്ചാട്ടൻ ചിരിക്കുമായിരുന്നു. ഇനി ഞാൻ മരിക്കില്ലന്നൊക്കെ പറഞ്ഞായിരുന്നു ആ പൊട്ടിച്ചിരി. എഴുപത്തി രണ്ട് പൂർത്തിയായി ദിവസങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹം മരിച്ചു. പക്ഷേ കൊച്ചാട്ടൻ തന്നെ പറഞ്ഞതുപോലെ വിശ്വസിക്കാനാണ് എനിക്കിഷ്ടം. എന്റെ കൊച്ചാട്ടൻ മരിച്ചിട്ടില്ല. എന്റെ മനസിലെന്നല്ല. ആരുടെ മനസിലും...' ശാന്തയെ ഒരു കാറ്റായി കടമ്മനിട്ട തലോടിപോയി.

കവിയുടെ 'ശാന്ത' എന്ന കവിത തന്നെയാണ് കവി പത്നിക്കും പ്രിയപ്പെട്ടത്. 'ആ കവിത എഴുതി കഴിഞ്ഞ് എത്രയോ രാത്രികളിൽ എനിക്കു വേണ്ടി മാത്രം കൊച്ചാട്ടൻ ഉറക്കെ ചൊല്ലുമായിരുന്നു. ഞാനപ്പോഴൊക്കെ ആ കണ്ണിലിങ്ങനെ നോക്കി ഇരിക്കും. എന്നെ എത്രത്തോളം നിരീക്ഷിച്ചിരുന്നെന്നും എത്രത്തോളം ഇഷ്ടപ്പെട്ടിരുന്നെന്നുമൊക്കെ ഓർത്ത് മനസു നിറഞ്ഞു തുളുമ്പുമായിരുന്നു. ഇപ്പോഴും ചിലപ്പോൾ ആ വരികൾ കൊച്ചാട്ടന്റെ ശബ്ദത്തിൽ എന്റെ കാതിൽ മുഴങ്ങി കേൾക്കുന്ന പോലെ തോന്നും.'

കവി ശാന്തയിൽ അലിഞ്ഞിറങ്ങിയ ഒന്നായിരുന്നുവെന്ന് ശാന്തയും തിരിച്ചറിഞ്ഞൊരു നിമിഷത്തിന്റെ ഓർമകളാണ് ഇനി പറയാനുള്ളത്. കവിയ്ക്കൊപ്പം മദ്രാസിൽ താമസിക്കുന്ന കാലം. ഒരു ദിവസം എന്തോ പറഞ്ഞു വഴക്കിട്ടു കവി ശാന്തയോടു പിണങ്ങി. പിണക്കം ഒരു ദിവസവും കടന്ന് രണ്ടായി മൂന്നായി നാലായി. ഒടുവിൽ ശാന്ത 'എന്നാൽ നിങ്ങളെ ഇട്ടേച്ച ഞാനങ്ങ് നാട്ടിൽ പോകുവാണെന്നൊരു' കളിവാക്കു പറഞ്ഞു. ഒന്നു പറ്റിക്കാമെന്നു കരുതി തുണിയൊക്കെ കൊണ്ടുപോകാനായി

**കവിത പോലെ രസം തുളുമ്പുന്നതായിരുന്നു കവി കടമ്മനിട്ട രാമകൃഷ്ണന്റെ ജീവിതം. ജീവശ്വാസമായിരുന്ന സ്വന്തം കൊച്ചാട്ടനെക്കുറിച്ച് പ്രിയസഖി ശാന്ത**

അടുക്കിയുംവെച്ചു. രാത്രി കവി പതിയെ ശാന്തയുടെ അടുത്തെത്തി വലിയ വായിൽ പൊട്ടിക്കരഞ്ഞു. ശാന്ത എത്ര പറഞ്ഞിട്ടും കവി കരച്ചിലടക്കിയില്ല. പിന്നെ ഒരിക്കൽ പോലും ഞാനാ കണ്ണു നിറയാതെ നോക്കി. എന്റെ കൊച്ചാട്ടൻ കരഞ്ഞാ തോൽക്കുന്നത് ഞാനല്ലേ..' ഉള്ളിലെ മൗനം പതിയെ മറനീക്കി ശാന്തയുടെ മിഴികളെ ചുറ്റിപൊതിഞ്ഞു. കവിയുടെ അച്ഛൻ മരിച്ച ദിവസങ്ങൾ, എസ്. കെ. പൊറ്റക്കാടിന്റെയും എം. എൻ. വിജയന്റെയും മരണദിവസവുമൊക്കെയാണ് പിന്നെ കൊച്ചാട്ടനെ കരഞ്ഞു ഞാൻ കണ്ടിട്ടുള്ളതെന്നും ശാന്ത ഓർക്കുന്നു.

'തിരഞ്ഞെടുപ്പിന് നിന്നതൊക്കെ വലിയ ഭയത്തോടെയായിരുന്നു. വോട്ടു പിടിക്കാനൊക്കെ എന്നെയും കൂടെ കൊണ്ടു പോകുമായിരുന്നു. എല്ലാവരുടെയും സ്നേഹമാണ് തന്റെ വിജയത്തിനു പിന്നിലെന്ന് എപ്പോഴും പറയുമായിരുന്നു. അദ്ദേഹം എപ്പോഴും ശ്രദ്ധിച്ചിരുന്നത് സാധാരണക്കാരുടെ പ്രശ്നങ്ങളെ അടുത്തറിയാനും പരിഹരിക്കാനുമായിരുന്നു.' കടമ്മനിട്ട എന്ന ജനപ്രതിനിധിയെ ഓർക്കുകയാണ് ശാന്ത.

'കടമ്മനിട്ടക്കാവിൽപടയണിയായാൽപിന്നെ കൊച്ചാട്ടനൊരു ആവേശമായിരുന്നു.' പഴയ പടയണിരാവിന്റെ ഓർമകളിലേക്ക് ശാന്ത പതിയെ നടന്നു നീങ്ങി. 'കൂട്ടുകാരൊക്കെ കൂടി ആട്ടവും പാട്ടുമൊക്കെയായി വലിയ ബഹളമാണ്. കടമ്മനിട്ട അമ്മ കൊച്ചാട്ടന്റെ കൂടെ ഉണ്ടായിരുന്നെന്ന് എനിക്ക് എത്രയോവട്ടം തോന്നിയിട്ടുണ്ടെന്നോ.' ശാന്ത അറിയാതെ കൈകൂപ്പി കടമ്മനിട്ട അമ്മയെ തൊഴുതു.

'പണ്ടൊക്കെ രാത്രി മണ്ണെണ്ണ വിളക്കിന്റെ വെളിച്ചത്തിൽ രാത്രി കൊച്ചാട്ടന്റെ വരവും കാത്തിരിക്കുമായിരുന്നു. എപ്പോഴെങ്കിലും വന്നു കയറുമെന്നൊരു പ്രതീക്ഷ അന്നുണ്ടായിരുന്നു. പടിക്കലെത്തുമ്പോഴേ കേൾക്കാം, എടീ എന്ന നീട്ടി പിടിച്ച വിളി. ഇപ്പോ ആ പ്രതീക്ഷയ്ക്കുപോലും വകയില്ലല്ലോ എന്നോർക്കുമ്പോൾ വല്ലാത്ത ശൂന്യത തോന്നും.' ശാന്തയുടെ കണ്ണുകളിൽ വേദനയുടെ ചാറ്റൽമഴ.



ശാന്ത
*ഫോട്ടോ: ജാക്സൺ പി. ബാബു*



പ്രൊഫ. ദേശികം രഘുനാഥ്
ഫോൺ: 8078022068

# ജാതകഫലം

2019 ഏപ്രിൽ 07 - 13

**അശ്വതി :** കുടുംബാഭിവൃദ്ധിയുണ്ടാകും. പരുഷമായി സംസാരിക്കുന്നതിനാൽ ബന്ധുക്കൾ അകലും. ദമ്പതികളിൽ സ്വരചേർച്ചക്കുറവുണ്ടാകും.

**ഭരണി :** വസ്തുവകകൾ സ്വന്തമാക്കും. വിവാഹം അന്വേഷിക്കുന്നവർക്ക് അൽപ്പം തടസമുണ്ടാകും. സ്വകാര്യ ബാങ്ക്, ചിട്ടി മുതലായവ നടത്തുന്നവർക്ക് ലാഭം.

**കാർത്തിക :** രാഷ്ട്രീയപ്രവർത്തകർക്ക് അനുകൂല സമയം. ദാമ്പത്യത്തിൽ സ്വരചേർച്ച കുറയും. മേലുദ്യോഗസ്ഥരുടെ പ്രീതി പിടിച്ചുപറ്റും. കർമ്മമേഖലയിൽ ഉയർച്ച.

**രോഹിണി:** ആത്മാർത്ഥതയുള്ള സുഹൃത്തുക്കളെ ലഭിക്കും. വിനോദ സഞ്ചാരത്തിനുള്ള അവസരം ലഭിക്കും. സദ്പ്രവൃത്തികൾക്കായി ധനംചെലവഴിക്കും. മക്കൾക്ക് അഭിവൃദ്ധിയുണ്ടാകും.

**മകയിരം:** എഴുത്തുകാർക്ക് അനുകൂലമായ സന്ദർഭം. പാർട്ടി പ്രവർത്തകർക്ക് ജനപ്രീതിയും പ്രശംസയും പ്രതീക്ഷിക്കാം. ധനാഭിവൃദ്ധിയും മാനസിക സന്തോഷവും പ്രതീക്ഷിക്കും.

**തിരുവാതിര:** ബന്ധുക്കളുടെ സഹായ സഹകരണങ്ങൾ ലഭ്യമാകും. വാഹനം, വസ്തുക്കൾ എന്നിവ സ്വന്തമാക്കും. സുഖകരമായ ജീവിത സൗകര്യങ്ങൾ ലഭ്യമാകും. ഗൃഹം നിർമ്മിക്കാൻ അനുയോജ്യ സമയം.

**പുണർതം:** സിനിമാ, നാടക കഥാകൃത്തുകൾക്ക് പ്രശസ്തിയും ധനാഗമനവും പ്രതീക്ഷിക്കാം. വിനോദയാത്രയ്ക്കുള്ള സന്ദർഭം കാണുന്നു. വിദേശത്തു നിന്നും മികച്ച തൊഴിലവസരം ലഭിക്കും.

**പൂയം:** ദമ്പതികൾക്കിടയിൽ സ്വരച്ചേർച്ചക്കുറവ്. സൽപ്രവൃത്തികൾക്കായി ധനം ചെലവഴിക്കും. ഏർപ്പെടുന്ന മേഖലകളിലെല്ലാം വിജയം കൈവരിക്കും. എതിരാളികളെ പരാജയപ്പെടുത്തും.

**ആയില്യം:** സത്കർമ്മങ്ങൾക്കായി ധനം ചെലവഴിക്കും. സ്ഥലം മാറി താമസിക്കും. പുത്രന്മാർക്ക് പലവിധ നന്മകൾ ഉണ്ടാകും. വിദ്യാഭ്യാസ പുരോഗതിയുണ്ടാകും.

**മകം:** കുടുംബാഭിവൃദ്ധി. അന്യർക്കു വേണ്ടി പരിശ്രമിക്കും. അപ്രതീക്ഷിതമായി ചെലവുകളുണ്ടാകും. ക്ഷേത്ര ദർശനം, തീർത്ഥാടനം എന്നിവയ്ക്കുള്ള അവസരപ്രാപ്തി. സർക്കാരിൽ നിന്നും നേട്ടം.

**പൂരം:** പെട്ടെന്ന് കോപം വരുന്നതായിരിക്കും. മറ്റുള്ളവർക്കായി കഠിനമായി ജോലി ചെയ്യും. വ്യാപാരികൾക്ക് അനുകൂല വാരം. സ്വയം തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് മികച്ച ലാഭം.

**ഉത്രം:** നൃത്തസംഗീത മത്സരങ്ങളിൽ അംഗീകാരം. വിദ്യാഭ്യാസ പുരോഗതിയുണ്ടാകും. സഹോദര ഐക്യം കുറയും. അപ്രതീക്ഷിതമായ ചെലവുകൾ വരും. കരാർ ജോലികൾ ചെയ്യുന്നവർക്ക് തിരിച്ചടിയുണ്ടാകും.

**അത്തം:** പല മേഖലകളിൽ കൂടിയും വരുമാനം ലഭിക്കും. വാഹനം, വസ്തുക്കൾ എന്നിവ സ്വന്തമാക്കും. വിവാഹം അന്വേഷിക്കുന്നവർക്ക് അനുയോജ്യമായ ബന്ധം ലഭിക്കും.

**ചിത്തിര:** പിതാവിന്റെ ആരോഗ്യനിലയിൽ കൂടുതൽ ശ്രദ്ധിക്കണം. അനുസരണയും ആത്മാർത്ഥതയുള്ള സുഹൃത്തുക്കളെ ലഭിക്കും. വ്യവസായത്താൽ ധനാഭിവൃദ്ധിയുണ്ടാകും. അടിക്കടി യാത്ര ചെയ്യേണ്ടതായി വരും.

**ചോതി:** ഭാര്യയുടെ അഭിപ്രായം അനുസരിച്ച് പ്രവർത്തിക്കും. ശത്രുക്കളെ പരാജയപ്പെടുത്തും. ലുബ്ധമായി ചെലവഴിക്കും. ചില സമയങ്ങളിൽ അലസത വലിയ നഷ്ടമുണ്ടാക്കും.

**വിശാഖം:** സർക്കാരിൽ നിന്നും അംഗീകാരം ലഭിക്കും. മാതാപിതാക്കളുടെ അഭിപ്രായം അംഗീകരിക്കും. അനുസരണയുള്ള ഭൃത്യൻമാരെ ലഭിക്കും. മാനസിക വൈഷമ്യതകളുണ്ടാകും. തൊഴിൽ തടസമുണ്ടാകും.

**അനിഴം:** പുത്രലബ്ധിക്കുള്ള സന്ദർഭം. പഠനത്തിൽ ശ്രദ്ധ ചെലുത്തും. അന്യരെ സഹായിക്കും. വാഹനം, വസ്തുക്കൾ എന്നിവ സ്വന്തമാക്കും. ഗൃഹത്തിൽ മംഗളകർമ്മം നടക്കും.

**തൃക്കേട്ട:** ധന, ഐശ്വര്യവും സന്തോഷവും പ്രതീക്ഷിക്കാം. സത്യസന്ധമായി പ്രവർത്തിക്കും. സന്താനങ്ങൾക്ക് ഉദ്യോഗത്തിനായി പരിശ്രമിക്കാം.

**മൂലം:** സത്യസന്ധമായി പ്രവർത്തിക്കും. സർക്കാരിൽ നിന്നും പൊതുജനങ്ങളിൽ നിന്നും അംഗീകാരം ലഭിക്കും. തൊഴിലഭിവൃദ്ധിയുണ്ടാകും.

**പൂരാടം:** പെൻഷൻ, ലോൺ മുതലായവയ്ക്ക് അപേക്ഷിച്ചിട്ടുള്ളവർക്ക് ലഭിക്കും. സഹോദര ഐക്യമുണ്ടാകും. സത്യസന്ധമായി പ്രവർത്തിക്കും. സുഹൃത്തുക്കളാൽ ധനനഷ്ടമുണ്ടാകും.

**ഉത്രാടം:** ധനാഭിവൃദ്ധിയുണ്ടാകും. ഭാര്യയാലും സന്താനങ്ങളാലും മാനസിക സന്തോഷമുണ്ടാകും. വിദേശത്ത് പോകാൻ ആഗ്രഹിക്കുന്നവർക്ക് ഉചിതമായ അവസരം ലഭിക്കും. ദമ്പതികൾ തമ്മിൽ അഭിപ്രായ ഭിന്നതയുണ്ടാകും.

**തിരുവോണം:** കുടുംബാംഗങ്ങളാൽ പലവിധ നന്മകളുണ്ടാവും. പിതാവിനെക്കാളും ഉദാര മനസ്കതയോടെ പ്രവർത്തിക്കും. വ്യാപാരത്തിൽ അറിവ് വർദ്ധിക്കും. കർമ്മമേഖലയിൽ മികവ്.

**അവിട്ടം:** വ്യാപാരം മുഖേന അധിക ലാഭം പ്രതീക്ഷിക്കാം. ജോലി അന്വേഷിക്കുന്നവർക്ക് അകലെയുള്ള കമ്പനികളിൽ ലഭിക്കും. കുടുംബത്തിൽ നിന്ന് മാറിത്താമസിക്കും.

**ചതയം:** സന്താനങ്ങളാൽ മാനസിക സന്തോഷമുണ്ടാകും. അടിക്കടി യാത്ര ചെയ്യേണ്ടതായി വരും. അപകീർത്തി വരാനിടയുണ്ട്. കുടുംബത്തിൽ മംഗളകാര്യങ്ങൾ നടക്കും.

**പൂരുരുട്ടാതി:** പട്ടാളത്തിലോ പൊലീസിലോ ചേരാനാഗ്രഹിക്കുന്നവർക്ക് അനുകൂലമായ സന്ദർഭം. വിദ്യാഭ്യാസ പുരോഗതിയുണ്ടാകും. ചുറുചുറുക്കോടെ ജോലികളിൽ ഏർപ്പെടും.

**ഉത്രട്ടാതി:** ചുറുചുറുക്കോടെ കാര്യങ്ങൾ ചെയ്തു തീർക്കും. ജീവിതത്തിൽ ഉന്നതസ്ഥാന പ്രാപ്തി. സുഹൃത്തുക്കളാൽ മാനസിക സന്തോഷവും ധനാഭിവൃദ്ധിയുണ്ടാകും. പുണ്യക്ഷേത്രദർശനം.

**രേവതി:** വ്യാപാരത്തിൽ അഭിവൃദ്ധിയുണ്ടാകും. ആരോഗ്യം തൃപ്തികരമല്ല. ദമ്പതികൾക്കിടയിൽ അഭിപ്രായ ഭിന്നതയുണ്ടാകും. പുണ്യക്ഷേത്ര ദർശനം. ദാനധർമ്മങ്ങൾ ചെയ്യും.

കാഴ്ചപ്പുറം



ദത്തൻ പുനലൂർ

# ഉൾക്കാഴ്ച

വൈൽഡ്ലൈഫ്, ലാന്റ്സ്കേപ്പ്, സ്പോർട്സ്, വെഡ്ഡിംഗ് എന്നിങ്ങനെ ഫോട്ടോഗ്രാഫിയിൽ പല ശാഖകളുണ്ടല്ലോ! അതിൽ കൂടുതൽ പേരും കടന്നു ചെല്ലാത്ത മെഡിക്കൽ ഫോട്ടോഗ്രാഫി എന്ന് ഒരു വിഭാഗം കൂടിയുണ്ട്. ഓപ്പറേഷൻ തീയറ്ററിലായിരിക്കും ഇത്തരം ഫോട്ടോകൾ എടുക്കേണ്ടിവരിക. ആദ്യകാലങ്ങളിൽ ഇത് ഏറെ ബുദ്ധിമുട്ടുള്ള കാര്യമായിരുന്നു. ഇന്ന് സി.സി കാമറകളും അതുപോലെ മറ്റ് ആധുനിക കാമറസജ്ജീകരണങ്ങളും ഇതിനായി ഇപ്പോൾ ആശുപത്രികളിൽതന്നെ പ്രത്യേകം ക്രമീകരിച്ചിട്ടുണ്ട്.

അന്നും ഇന്നും വളരെക്കൂടുതൽ മെഡിക്കൽ ഫോട്ടോഗ്രാഫി ചെയ്യാറുള്ള വ്യക്തിയാണ് ഞാൻ. ഓപ്പറേഷൻ തുടങ്ങുമ്പോൾ മുതൽ അതായത് മുറിവ് മാർക്ക് ചെയ്യുന്ന സ്റ്റേജ് മുതൽ ഒടുവിൽ തുന്നിക്കെട്ടി ഡ്രസ്സ് ചെയ്യുന്നതുവരെയുള്ള ഫോട്ടോകൾ വേണ്ടിവരും. കീറിയതും മുറിച്ചതും ശരീരത്തിന്റെ ഉള്ളിലെ ചിത്രങ്ങൾ എടുത്തതും എല്ലാം ശരിയായിരിക്കണം. കാരണം തുന്നിക്കെട്ടിക്കഴിഞ്ഞാൽ എടുത്ത ചിത്രം ശരിയായില്ലെന്ന് പറഞ്ഞാൽ അത് വീണ്ടും തുറക്കാൻ പറ്റില്ലല്ലോ. ഇന്നത്തെപ്പോലെ എടുത്ത ഓരോ സ്നാപ്പും ശരിയായോ എന്ന് മോണിറ്ററിൽ നോക്കാനും പറ്റില്ലായിരുന്നു. അന്ന് സ്കാനിംഗ് പോലുള്ള ആധുനിക സംവിധാനങ്ങൾ എല്ലായിടത്തും വന്നു തുടങ്ങിയിരുന്നില്ല, ഗ്രാമപ്രദേശങ്ങളിലേക്കാര്യം പിന്നെ പറയേണ്ടല്ലോ? അക്കാലത്ത് അന്ധവിശ്വാസങ്ങൾ ഏറെയുള്ള ഇവിടുത്തെ ഒരു കുഗ്രാമത്തിൽ നാട്ടുവൈദ്യവും മന്ത്രവും ജ്യോതിഷവും ഒന്നും ഫലിക്കാതെ പത്തുമാസം ആയിട്ടും പ്രസവിക്കാത്ത തീരെ അവശയായ ഒരു ഗർഭിണിയെ കുന്നൂരിലെ സർക്കാർ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇത് ഗർഭമല്ലെന്നും ട്യൂമറാണെന്നും കണ്ടുപിടിച്ച ഡോക്ടർമാരുടെ വിദഗ്ധസംഘം ഉടൻ തന്നെ ഓപ്പറേഷൻ നടത്തണമെന്നു നിർദ്ദേശിച്ചു. അങ്ങനെ ഓപ്പറേറ്റ് ചെയ്തെടുത്ത എട്ടു കിലോയോളം തൂക്കമുള്ള ട്യൂമറാണ് ഇത്. വെള്ളം പോലെയുള്ള ദ്രാവകം നിറഞ്ഞ ഇത് ആ സ്ത്രീയുടെ ആഹാരത്തിലെ പോഷാകാംശങ്ങൾ മുഴുവൻ ഉപയോഗിക്കുകയായിരുന്നെന്നും അല്പദിവസം കൂടി ഇങ്ങനെ കഴിഞ്ഞിരുന്നെങ്കിൽ അവരെ രക്ഷപ്പെടുത്താൻ കഴിയില്ലായിരുന്നുവെന്നും ഡോക്ടർമാർ പറഞ്ഞു. ഇതിന് എന്ത് ചെലവ് വന്നു എന്ന് കൗതുകം കാരണം ഞാൻ ഡോക്ടർമാരോട് ചോദിച്ചു. അവരുടെ ഗ്രാമത്തിൽ നിന്ന് വരാനും പോകാനും വണ്ടിക്കൂലി വരെയുള്ള പൈസ പോലും ഞങ്ങളുടെ കൈയിൽ നിന്നാണ് കൊടുത്തതെന്നായിരുന്നു മലയാളി കൂടിയായ പ്രധാന ഡോക്ടർ പറഞ്ഞത്!

# ടൊവിNo പറയാൻ പേടിയ്ക്കില്ല

അന്നും ഇന്നും എന്നും ടൊവിനോയുടെ ലക്ഷ്യവും ഇഷ്ടവും അഭിനയം തന്നെയാണ്. അതിനുവേണ്ടി എത്ര പ്രയത്നിക്കാനും ഈ യുവനടൻ തയ്യാറാണ്. ടൊവിനോയുടെ ഓരോ സിനിമയും വ്യത്യസ്തങ്ങളാകുന്നതിന് പിന്നിലും തിരഞ്ഞെടുപ്പിന്റെ ഈ യുക്തിയുണ്ട്

എസ്. അനിൽകുമാർ

വ്യത്യസ്തത എന്നൊരു വാക്ക് ഏറ്റവും കൂടുതൽ ചേർന്നു നിൽക്കുന്ന നടൻ ടൊവിനോ തോമസാണ്. കണ്ട വേഷത്തിൽ, ഇതു നേരത്തെ വന്നതാണല്ലോ എന്ന് സംശയിപ്പിക്കുന്ന കഥാപാത്രമായി ഒരിക്കലും ടൊവിനോയെ കാണാൻ സാധിക്കില്ല. സ്വയം മടുപ്പിക്കാത്ത കഥാപാത്രങ്ങളോടാണ് ടൊവിനോ എന്നും യെസ് പറയാറുള്ളത്. ആ യെസിനുള്ള നിറഞ്ഞ കയ്യടിയാണ് 'ലൂസിഫർ' എന്ന ചിത്രത്തിലെ ജതിൻരാം ദാസ് എന്ന മികവുറ്റകഥാപാത്രം സ്വന്തമാക്കുന്നതും. ടൊവിനോ സംസാരിക്കുന്നു, സിനിമ, നിലപാടുകൾ എന്നിവയെക്കുറിച്ച്...

*അഭിനയമായിരുന്നോ സംവിധാനമായിരുന്നോ ലക്ഷ്യം?*

അന്നും ഇന്നും എന്നും എന്റെ ലക്ഷ്യവും ഇഷ്ടവും അഭിനയം തന്നെയാണ്. സംവിധാനത്തോട് കൊതിയുണ്ട്. കുറെക്കൂടി അനുഭവപരിചയവും സാങ്കേതിക ജ്ഞാനവുമൊക്കെ നേടിയ ശേഷം ഒരു സിനിമ സംവിധാനം ചെയ്തേക്കും. പ്രഭുവിന്റെ മക്കളിലും ആഗസ്റ്റ് ക്ലബിലുമാണ് ഞാൻ ആദ്യം അഭിനയിച്ചത്. അത് കഴിഞ്ഞാണ് ദുൽഖറിന്റെ തീവ്രത്തിൽ അസിസ്റ്റന്റ് ഡയറക്ടറായത്. എൻജിനിയറുടെ സേഫ് സോണിൽ നിന്ന് മകൻ സിനിമയെന്ന റിസ്കിലേക്ക് എടുത്തുചാടുമ്പോൾ ഏതു മാതാപിതാക്കളും ഭയന്നു പോകും. പക്ഷേ, സിനിമയിൽ എന്തെങ്കിലുമാകാൻ പറ്റുമെന്ന കാര്യത്തിൽ എനിക്ക് നൂറുശതമാനം ആത്മവിശ്വാസമുണ്ടായിരുന്നു. സിനിമയിൽ അഭിനയിക്കും മുൻപേ ഞാൻ ചില ഷോർട്ട് ഫിലിമുകളിൽ അഭിനയിച്ചിട്ടുണ്ട്. സിനിമയുടെ കാര്യത്തിൽ ഞാൻ വളരെ സീരിയസാണെന്ന് അന്നേ വീട്ടുകാർക്ക് ബോധ്യമായിരുന്നു. ഞാനതിന് വേണ്ടി ആത്മാർത്ഥമായി ശ്രമിക്കുന്നുണ്ടെന്ന് അവർക്ക് മനസിലായി.

*സിനിമകൾ തിരഞ്ഞെടുക്കുന്നതിലെ മാനദണ്ഡമെന്താണ്?*

കുറഞ്ഞ പക്ഷം ഞാനെങ്കിലും തിയേറ്ററിൽ പോയി കാണണമെന്നാഗ്രഹിക്കുന്ന സിനിമകളാണ് ഞാൻ തിരഞ്ഞെടുക്കാറുള്ളത്. ഭൂരിഭാഗം പ്രേക്ഷകർക്ക് ആസ്വദിക്കാനും റിലേറ്റ് ചെയ്യാനും പറ്റുന്ന സിനിമകൾ. ഒരു നടനെന്ന നിലയിലല്ല ഒരു സാധാരണ പ്രേക്ഷകനെന്ന നിലയിലാണ് ഞാൻ സിനിമകളുടെ കഥ കേൾക്കുന്നത്. ചില കഥ സിനിമയാകുമ്പോൾ നമ്മൾ വിചാരിച്ചതിനെക്കാൾ നന്നാകാം. ചിലപ്പോൾ മോശവുമാകാം. കഥ പറയാൻ വരുന്നവരോട് സിനിമയെടുത്ത് കാണിച്ച് തരുവെന്ന് പറയാൻ പറ്റില്ലല്ലോ? ഒന്നും ആരുടെയും കുറ്റം കൊണ്ടല്ല. ഒരു സിനിമയുടെ പിന്നണിയിൽ പ്രവർത്തിക്കുന്നയാളുകളെല്ലാം ഒരേ മനസോടെ ആ സിനിമ നന്നാവണമെന്ന പ്രാർത്ഥനയോടെ തന്നെയാണ് ചെയ്യുന്നത്. സിനിമയിൽ എല്ലാം ഒത്തിണങ്ങി വരുന്നത് ഒരു മാജിക്കാണ്. എല്ലാം ഒത്തിണങ്ങി വന്ന സിനിമ തിയേറ്ററിൽ പക്ഷേ വിചാരിച്ച പോലെ ഓടിയില്ലെന്ന് വരാം. ഒപ്പമിറങ്ങിയ നമ്മുടേതിനേക്കാൾ നല്ലതല്ലാത്ത സിനിമ ചിലപ്പോൾ സൂപ്പർ ഹിറ്റായെന്നും വരാം. എന്തുകൊണ്ട് അങ്ങനെയൊക്കെ സംഭവിക്കുന്നുവെന്ന് ചോദിച്ചാൽ അറിയില്ലെന്നാണ് ഉത്തരം. ഒരു സിനിമ ഹിറ്റാകുന്നതും ഫ്ലോപ്പാവുന്നതും ഒരുപാട് ഘടകങ്ങളെ ആശ്രയിച്ചാണ്.

*ഇമേജിനെ മറികടക്കുന്നതെങ്ങനെയാണ്?*

അങ്ങനെയൊരു ഇമേജ് വരാതിരിക്കാൻ വേണ്ടിയാണ് ഞാൻ വ്യത്യസ്തങ്ങളായ കഥാപാത്രങ്ങളും സിനിമകളും ചെയ്യുന്നത്. ഒരു പ്രത്യേക ഇമേജ് എനിക്കില്ലെന്നാണ് വിശ്വാസം.

*സാമൂഹ്യവിഷയങ്ങളിൽ പ്രതികരിക്കുന്നയാളാണല്ലോ?*

കൺമുന്നിൽ സംഭവിക്കുന്ന ഒരു കാര്യത്തെക്കുറിച്ച് അഭിപ്രായം പറയാൻ നമ്മൾ ആരെയും ഭയക്കേണ്ട കാര്യമില്ല. ഞാനഭിനയിക്കുന്ന സിനിമകളിലെ രാഷ്ട്രീയവും എന്റെ രാഷ്ട്രീയ കാഴ്ചപ്പാടും തമ്മിൽ വളരെ വ്യത്യാസമുണ്ട്. ഞാൻ അവതരിപ്പിക്കുന്ന കഥാപാത്രങ്ങൾ എന്റെ രാഷ്ട്രീയ നിലപാടുകൾ പറയണമെന്നില്ല. അത് ഞാനല്ലല്ലോ... കഥാപാത്രങ്ങളല്ലേ!

*മലയാളത്തിലെ പല താരങ്ങളും അങ്ങനെ പ്രതികരിക്കാറില്ലല്ലോ?*

അതെനിക്കറിയില്ല. അവരോട് തന്നെ ചോദിക്കണം. മറുപടി പറയാൻ പലപ്പോഴും മടുപ്പും പേടിയുമാണ്. നമ്മൾ പറയുന്നതല്ല പലപ്പോഴും എഴുതിവരുന്നത്. ചില ഓൺലൈൻ മാദ്ധ്യമങ്ങൾ എന്റെ ഇന്റർവ്യൂകളിൽ നിന്ന് അവർക്ക് തോന്നും പോലെ വളച്ചൊടിച്ച് ചില 'ക്വാട്ടുകൾ' എടുത്തുകൊടുക്കുന്നുണ്ട്. ടിഷ്യൂപേപ്പർ ജേർണലിസമെന്ന് ഇതിനെ പറയാം. എന്നോട് ചോദിക്കുന്ന ചോദ്യങ്ങൾക്കാണ് അഭിമുഖങ്ങളിൽ ഞാൻ ഉത്തരം പറയുന്നത്. അവ എന്റെ സ്റ്റേറ്റ്മെന്റുകളായി വരുന്നതിനോട് യോജിപ്പില്ല. സ്ത്രീവിരുദ്ധമായ സിനിമകളിൽ ഇനി അഭിനയിക്കില്ലെന്ന പൃഥ്വിരാജിന്റെ തീരുമാനത്തോട് യോജിക്കുന്നുണ്ടോയെന്ന് ഒരഭിമുഖത്തിൽ എന്നോട് ചോദിച്ചു. പൃഥ്വിരാജിന് അങ്ങനെ തീരുമാനമെടുക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. അങ്ങനെ ഒരു തീരുമാനം ഞാൻ എടുക്കുന്നില്ലെന്നായിരുന്നു എന്റെ മറുപടി. കാരണം ഞാൻ ചിലപ്പോൾ ഒരു സിനിമയിൽ വില്ലൻ വേഷമായിരിക്കും ചെയ്യുന്നത്. ചിലപ്പോൾ സ്ത്രീകളോട് മോശമായി പെരുമാറുന്നയാളായിരിക്കാം ആ വില്ലൻ കഥാപാത്രം. എന്നാൽ പൃഥ്വിരാജിന്റെ പല തീരുമാനങ്ങളോടും ടൊവിനോയ്ക്ക് വിയോജിപ്പുണ്ടെന്ന മട്ടിലാണ് ഓൺ ലൈനിൽ വാർത്ത വന്നത്. ഞാനും പൃഥ്വിരാജും തമ്മിൽ അത്യാവശ്യം നല്ല സൗഹൃദമുണ്ട്. ഒരു വ്യാജവാർത്ത കണ്ട് പ്രതികരിക്കുന്നയാളല്ല പൃഥ്വിരാജ്. ചിലപ്പോൾ അത് വായിച്ചിട്ട് ഇവനെന്തിനാ ഇങ്ങനെ പ്രതികരിക്കുന്നതെന്ന് തോന്നാം.

*തിരക്ക് പിടിച്ച ഒരുദിവസത്തെ ടൈം മാനേജ്മെന്റ് എങ്ങനെയാണ്?*

ടൈം മാനേജ്മെന്റ് ആകെ ചളകുളമാണ്. ഒരു ഓളത്തിന് പോകുമ്പോൾ ഞാനും ആ കൂടെയങ്ങ് പോകുന്നുവെന്നേയുള്ളൂ.

*അഭിനയത്തിന്റെ ഈ ഘട്ടത്തിൽ ആസ്വദിക്കുന്നതെന്താണ്?*

നമ്മൾ ചെയ്യുന്ന ജോലി നന്നായിട്ടുണ്ടെന്ന് മറ്റുള്ളവർ പറഞ്ഞുകേൾക്കുമ്പോഴാണ് സന്തോഷം.

*ഒരു ഗ്രൂപ്പിലും പെടാതെ സിനിമയിൽ പിടിച്ച് നിൽക്കാൻ പറ്റുന്നതെങ്ങനെയാണ്?*

എന്റെ കാര്യം മാത്രം നോക്കി മുന്നോട്ട് പോകുന്നയാളാണ് ഞാൻ. എല്ലാവരുമായും സ്നേഹത്തോടെയും സൗഹാർദ്ദത്തോടെയും മുന്നോട്ടുപോകാൻ ഇഷ്ടപ്പെടുന്നയാളാണ്. ഒരു ഗ്രൂപ്പിലും ഞാനില്ലെന്ന് പറയുന്നതിനേക്കാൾ എല്ലാ ഗ്രൂപ്പിലും

*ടൊവി 'നോ' പറയുന്നതെപ്പോഴാണ്?*

എനിക്ക് അംഗീകരിക്കാൻ പറ്റാത്ത കാര്യങ്ങൾക്ക് ഞാൻ നോ പറയാറുണ്ട്. അങ്ങനെ പറയുന്നതാണ് അതിന്റെ ശരി. ചില കഥകൾ കേൾക്കുമ്പോൾ തന്നെ ആ കഥ സിനിമയായാൽ എനിക്കോ ആ സിനിമയെടുക്കുന്നവർക്കോ ഒരു ഗുണവും ചെയ്യില്ലെന്ന് ബോധ്യമാകും. അങ്ങനെ തോന്നുമ്പോൾ ഞാൻ നോ പറയാറുണ്ട്.



ടൊവിനോ തോമസ്



ശ്രീനിവാസൻ,ഗണേഷ്, ആസിഫ് അലി, ബൈജു

## മേരാ നാം ഷാജി തിയേറ്ററിൽ

കേരളത്തിന്റെ മൂന്നു ഭാഗത്തായി ജീവിക്കുന്ന മൂന്നു ഷാജിമാരുടെ കഥയുമായി നാദിർഷായുടെ മൂന്നാമത്തെ ചിത്രം 'മേരാ നാം ഷാജി' തിയേറ്ററിൽ. ബിജു മേനോൻ, ആസിഫ് അലി, ബൈജു സന്തോഷ് എന്നിവരാണ് നായകനിരയിൽ. നിഖില വിമൽ, മൈഥിലി, സുരഭി എന്നിവരാണ് നായികമാർ. യൂണിവേഴ്സൽ സിനിമയുടെ ബാനറിൽ ബി. രാകേഷാണ് ചിത്രം നിർമ്മിക്കുന്നത്.

ധർമ്മജൻ ബോൾഗാട്ടി, സാദിഖ്, ഗണേഷ്, ശ്രീനിവാസൻ, ടിനി ടോം, ജാഫർ ഇടുക്കി, ഷഫീഖ് റഹ്മാൻ, ജോമോൻ, രഞ്ജിനി ഹരിദാസ് എന്നിവരാണ് മറ്റ് അഭിനേതാക്കൾ. എമിൽ മുഹമ്മദിന്റേതാണ് സംഗീതം. ശ്രേയ, രഞ്ജിത്ത്, ജാവേദ് അലി, ജാസി ഗിഫ്റ്റ് എന്നിവരെ കൂടാതെ ആസിഫലിയും നാദിർഷയും ചിത്രത്തിനായി പാടിയിട്ടുണ്ട്. സിംഗപ്പൂർ, കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിലായി ചിത്രീകരണം പൂർത്തിയാക്കിയ 'മേരാ നാം ഷാജി'യുടെ കഥ ദിലീപ് പൊന്നൻ, ഷാനി ഖാദർ. തിരക്കഥ, സംഭാഷണം: ദിലീപ് പൊന്നൻ, ഛായാഗ്രഹണം: വിനോദ് ഇല്ലമ്പിള്ളി, എഡിറ്റിംഗ്: ജോൺകുട്ടി, കലാസംവിധാനം: ത്യാഗു, വസ്ത്രാലങ്കാരം: സമീറ സനീഷ്, ഗാനരചന: സന്തോഷ് വർമ്മ, മുന്ന ഷൗക്കത്തലി, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്: സഫീർ സേട്ട്, പ്രൊഡക്ഷൻ കൺട്രോളർ: ബാദുഷ, സ്റ്റിൽസ്: പ്രേംലാൽ പട്ടാഴി, പി.ആർ.ഒ: മഞ്ജു ഗോപിനാഥ്.



സൗബിൻ സാഹിർ

## അമ്പിളി

'ഗപ്പി'ക്ക് ശേഷം ജോൺപോൾ ജോർജ് സംവിധാനം ചെയ്യുന്ന ചിത്രമാണ് അമ്പിളി. സൗബിൻ സാഹിർ നായകനാകുന്ന ചിത്രത്തിൽ പുതുമുഖം തൻവി റാം ആണ് നായിക. നസ്റിയാ നസീമിന്റെ സഹോദരൻ നവീൻ നസീം ബിഗ് സ്ക്രീനിൽ അരങ്ങേറ്റം കുറിക്കുന്നുവെന്ന പ്രത്യേകതയുമുണ്ട്. ഇ ഫോർ എന്റർടെയിൻമെന്റിന്റെ ബാനറിൽ മുകേഷ് ആർ. മേത്ത, എ.വി. അനൂപ്, സി.വി. സാരഥി എന്നിവർ ചേർന്നാണ് നിർമ്മാണം. ശരൺ വേലായുധനാണ് ഛായാഗ്രാഹകൻ. വിഷ്ണു വിജയ് ആണ് അമ്പിളിയുടെ സംഗീത സംവിധായകൻ. കിരൺ ദാസ് ആണ് എഡിറ്റർ. വിനേഷ് ബംഗ്ലാൻ കലാസംവിധാനവും മഷർ ഹംസ കോസ്റ്റ്യൂം ഡിസൈനിംഗും, ആർ.ജി വയനാടൻ. എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ: പ്രേംലാൽ കെ.കെ, ലൈൻ പ്രൊഡ്യൂസർ: സൂരജ് ഫിലിപ്പ്. പ്രൊഡക്ഷൻ കൺട്രോളർ: ബെന്നി കട്ടപ്പന



മധുരരാജയിൽ മമ്മൂട്ടി, ജെയ്, ഷംനാ കാസിം

## അതിരൻ



ഫഹദ് ഫാസിൽ, സായ് പല്ലവി

നവാഗതനായ വിവേക് കഥയെഴുതി സംവിധാനം ചെയ്യുന്ന ഫഹദ് ഫാസിൽ ചിത്രമാണ് അതിരൻ. സായ് പല്ലവിയാണ് നായിക.

കളരിയുടെ പശ്ചാത്തലത്തിലൊരുങ്ങുന്ന ചിത്രത്തിന്റെ പ്രധാന ലൊക്കേഷൻ തുറവൂരിലെ തൈക്കാട്ടുശ്ശേരി മനയും ഊട്ടിയുമാണ്. ഓട്ടിസം ബാധിച്ച യുവതിയുടെ വേഷത്തിലാണ് സായ് പല്ലവി എത്തുന്നത്. പ്രകാശ് രാജ്, രൺജി പണിക്കർ, അതുൽകുൽകർണി, ശാന്തികൃഷ്ണ, സുരഭി തുടങ്ങിയവരാണ് മറ്റ് താരങ്ങൾ. പി.എഫ്. മാത്യൂസിന്റേതാണ് തിരക്കഥ. പഴയ സൂപ്പർ ഹിറ്റ് ചിത്രങ്ങളുടെ നിർമ്മാതാക്കളായ സെഞ്ച്വറി ഫിലിംസാണ് ചിത്രം നിർമ്മിക്കുന്നത്. പി.എസ്. ജയഹരി സംഗീതം നിർവഹിക്കുന്ന അതിരനിലെ പശ്ചാത്തല സംഗീതം നിർവഹിക്കുന്നത് പ്രശസ്ത തമിഴ് സംഗീത സംവിധായകനായ ജിബ്രാൻ ആണ്.

## സത്യംപറഞ്ഞാൽവിശ്വസിക്കുവോ

'ഒരു വടക്കൻ സെൽഫി' യ്ക്ക് ശേഷം ബിജു മേനോനെ നായകനാക്കി പ്രജിത്ത് സംവിധാനം ചെയ്യുന്ന ചിത്രമാണ് 'സത്യം പറഞ്ഞാൽ വിശ്വസിക്കുവോ.' നടി സംവൃത സുനിൽ ഒരിടവേളയ്ക്ക് ശേഷം തിരിച്ചെത്തുന്നു എന്ന പ്രത്യേകത കൂടിയുണ്ട് ചിത്രത്തിന്. അലൻസിയർ, സുധി കോപ്പ, ദിനേഷ് പ്രഭാകർ, ഭഗത്, സൈജു കുറുപ്പ്, ധർമ്മജൻ, ശ്രീലക്ഷ്മി, ശ്രീകാന്ത് മുരളി എന്നിവർ പ്രധാന അഭിനേതാക്കളാകുന്നു. സജീവ് പാഴൂരിന്റേതാണ് സ്ക്രിപ്റ്റ്. ഷെഹനാദ് ജലാൽ ഛായാഗ്രഹണം നിർവ്വഹിക്കുന്നു. ഷാൻ റഹ്മാൻ സംഗീതമൊരുക്കും. ഗ്രീൻ ടിവി എന്റർടെയ്നർ, ഉർവശി തിയേറ്റേഴ്സ് എന്നിവയുടെ ബാനറിൽ രമാ ദേവി, സന്ദീപ് സേനൻ, ആനീഷ് എം തോമസ് എന്നിവർ ചേർന്നാണ് ചിത്രം നിർമ്മിക്കുന്നത്.



സംവൃത സുനിൽ

## ഒരു യമണ്ടൻ പ്രേമകഥ

ദുൽഖർ സൽമാനെ നായകനാക്കി നവാഗതനായ ബി.സി. നൗഫൽ സംവിധാനം ചെയ്യുന്ന ചിത്രമാണ് 'ഒരു യമണ്ടൻ പ്രേമകഥ.' അമർ അക്ബർ അന്തോണി, കട്ടപ്പനയിലെ ഹൃത്വിക് റോഷൻ എന്നീ ചിത്രങ്ങൾക്കു ശേഷം വിഷ്ണു ഉണ്ണികൃഷ്ണൻ, ബിബിൻ ജോർജ് എന്നിവർ തിരക്കഥ ഒരുക്കുന്നുവെന്ന പ്രത്യേകതയുമുണ്ട്. നിഖില വിമൽ, സംയുക്ത മേനോൻ എന്നിവരാണ് ചിത്രത്തിൽ നായികമാരായി എത്തുന്നത്. സൗബിൻ ഷാഹിർ, രമേശ് പിഷാരടി, ധർമജൻ ബോൾഗാട്ടി, സലിംകുമാർ, വിജി രതീഷ്, വിഷ്ണു ഉണ്ണികൃഷ്ണൻ, ബിബിൻ ജോർജ് എന്നിവരാണ് ചിത്രത്തിലെ മറ്റ് അഭിനേതാക്കൾ.

നാദിർഷയാണ് ചിത്രത്തിന്റെ സംഗീതം നിർവഹിക്കുന്നത്. ഛായാഗ്രഹണം സുകുമാറും എഡിറ്റിംഗ് ജോൺ കുട്ടിയും നിർവഹിക്കുന്നു. ഹാസ്യത്തിന് പ്രാധാന്യം നൽകിയിരിക്കുന്ന ചിത്രം ആന്റോ ജോസഫാണ് നിർമിക്കുന്നത്.



കുട്ടിമാമ: ധ്യാൻ, ദുർഗ്ഗ കൃഷ്ണ

## ദി സൗണ്ട് സ്റ്റോറി

ഓസ്കാർ ജേതാവ് റസൂൽ പൂക്കുട്ടിയെ നായകനാക്കി പ്രസാദ് പ്രഭാകർ സംവിധാനം ചെയ്ത സിനിമയാണ് 'ദി സൗണ്ട് സ്റ്റോറി'. ജോയ് മാത്യു, സുനിൽ സുഖദ, പെരുവനം കുട്ടൻമാരാർ, അഫ്സൽ യൂസഫ്, നിഭ നമ്പൂതിരി, കൈരളി പ്രസാദ്, നദി പ്രസാദ് പ്രഭാകർ എന്നിവരും ചിത്രത്തിലുണ്ട്. പാംസ്റ്റോൺ മൾട്ടി മീഡിയയുടെ രാജീവ് പനക്കലും പ്രസാദ് പ്രഭാകർ പ്രൊഡക്ഷൻസും ചേർന്നാണ് ചിത്രം നിർമ്മിച്ചത്. കഥ, തിരക്കഥ, സംവിധാനം: പ്രസാദ് പ്രഭാകർ, സംഗീതം: രാഹുൽ രാജ്, ഗാനരചന: ഫൗസിയ അബൂബക്കർ, പശ്ചാത്തലസംഗീതം: ശരത്, ശബ്ദമിശ്രണം: റസൂൽ പൂക്കുട്ടി, വിജയ് കുമാർ, എഡിറ്റിംഗ്: ഉണ്ണിമലയിൽ, ആന്റണി, കലാസംവിധാനം: ബാവ, വസ്ത്രാലങ്കാരം: ശിൽക്ക രാജ്.



റസൂൽ പൂക്കുട്ടി

## തൊട്ടപ്പൻ

കിസ്മത്തിന് ശേഷം ഷാനവാസ് കെ ബാവക്കുട്ടി സംവിധാനം ചെയ്യുന്ന ചിത്രമാണ് 'തൊട്ടപ്പൻ'. ഫ്രാൻസിസ് നൊറോണയുടെ തൊട്ടപ്പൻ എന്ന കഥയെ ആസ്പദമാക്കിയൊരുക്കുന്ന ചിത്രമാണിത്. ടൈറ്റിൽ കഥാപാത്രമായെത്തുന്നത് വിനായകനാണ്. ദിലീഷ് പോത്തനും പ്രധാന വേഷത്തിലെത്തുന്നുണ്ട്. കഥാകൃത്ത് കൂടിയായ പി എസ് റഫീഖാണ് ചിത്രത്തിന് തിരക്കഥയൊരുക്കുന്നത്. എറണാകുളം വരാപ്പുഴയിലാണ് സിനിമയുടെ ചിത്രീകരണം. പുതുമുഖം പ്രിയംവദയാണ് നായിക.



ദിലീഷ് പോത്തൻ, വിനായകൻ